2010, ഖുത്ബ നമ്പര്‍- 24

بسم الله الرحمن الرحيم

11.06.2010
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# ലാഹോര്‍ ശഹാദത് അനുസ്മരണം.

ഞാന്‍ ഇന്ന് ലാഹോറില്‍ ജുമുആ ദിവസം തീവ്രവാദികളുടെ ക്രൂരതകള്‍ക്കിരയായി ശഹീദാക്കപ്പെട്ട ശുഹദാക്കളെക്കുറിച്ച് അനുസ്മരിക്കുന്നതാണ്. ഞാന്‍ കഴിഞ്ഞ ഖുത്വുബയില്‍ പറഞ്ഞതുപോലെ മരണം മുന്നില്‍ കണ്ടിട്ടും അവിടെക്കൂടിയിരുന്ന ഒരു അഹ്മദി പോലും ഒരു രീതിയിലുള്ള ഒരു വെപ്രാളവും പ്രകടിപ്പിച്ചിരുന്നില്ല. അതേപോലെ ആരുംതന്നെ കൈകൂപ്പിക്കൊണ്ട് തീവ്രവാദികളോട് തങ്ങളുടെ ജീവന് വേണ്ടി യാചിക്കുകയുമുണ്ടായില്ല. ദുആയില്‍ മുഴുകിക്കൊണ്ട് മറ്റുള്ളവരെ രക്ഷപ്പെടുത്താന്‍വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ് ചെയ്തത്. തങ്ങളുടെ ജീവന്‍ നല്‍കി മറ്റുള്ളവരെ രക്ഷിക്കാന്‍ ശ്രമിച്ചെങ്കിലും അതില്‍ നിന്ന് ഒരിക്കലും ഓടിരക്ഷപ്പെടാന്‍ ശ്രമിച്ചിട്ടില്ല. അതിക്രൂരമായി വെടിയുണ്ടകള്‍ ഉതിര്‍ത്തുകൊണ്ടിരിക്കുന്നവരെ ദുആ മുഖേന അവര്‍ നേരിട്ടുകൊണ്ടിരുന്നു. ഇതില്‍ ദുആ ചെയ്യുന്ന ചിലര്‍ക്ക് ശഹാദത്തിന്റെ പദവി നല്‍കപ്പെടുകയുണ്ടായി. അല്ലാഹു ഈ പദവി നല്‍കിക്കൊണ്ട് ഇക്കൂട്ടര്‍ക്ക് നിത്യജീവന്‍ നല്‍കുകയാണ് ചെയ്തത്. ഇവരെല്ലാവരും അഹ്മദിയ്യാ ചരിത്രത്തില്‍ തിളങ്ങുന്ന നക്ഷത്രങ്ങളായി ശോഭിച്ചുകൊണ്ടിരിക്കും ഇന്‍ശാ അല്ലാഹ്, അല്ലാഹു ഇവരുടെ എല്ലാവരുടേയും പദവി ഉയര്‍ത്തുമാറാകട്ടെ. ഏതായിരുന്നാലും ഞാന്‍ ഈ ഖുത്വുബയില്‍ ശുഹദാക്കളെക്കുറിച്ച് സ്മരിക്കുന്നതാണ്.

അതിനുമുമ്പായി ഒരു കാര്യം വ്യക്തമാക്കാന്‍ ഞാന്‍ ആഗ്രഹിക്കുന്നു. അതായത് ശുഹദാക്കള്‍ക്ക് വേണ്ടി ഞങ്ങള്‍ കുറച്ച് സംഖ്യ കൊടുക്കാന്‍ ആഗ്രഹിക്കുന്നു എന്നും ഇത് ഏത് വകുപ്പിലാണ് കൊടുക്കേണ്ടതെന്ന് എന്നും ചില ജമാഅത്തികളില്‍ നിന്ന് എന്നോട് ചോദിക്കുന്നു. അത്പോലെ ശുഹദാക്കള്‍ക്ക് വേണ്ടി ഒരു ഫണ്ട് ഉണ്ടായിരിക്കേണ്ടതാണെന്നും ചിലര്‍ അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാല്‍ ഇത് അവരുടെ അറിവില്ലായ്മയാണ്. ശുഹദാക്കള്‍ക്കുള്ള ഫണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ബിലാല്‍ ഫണ്ട് എന്ന പേരില്‍ ഹദ്റത്ത് ഖലീഫത്തുല്‍ മസീഹ് നാലാമ(റഹ്)ന്റെ കാലത്തുതന്നെ നിലവിലുണ്ട്. ഞാനും ഇതിനുമുമ്പ് രണ്ട് പ്രാവശ്യം ഈ ഫണ്ടിനെക്കുറിച്ച് ഖുത്വുബയില്‍ പറഞ്ഞിട്ടുള്ളതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ഈ ഫണ്ട് മുഖേന അവരെ ശ്രദ്ധിക്കുകയും അവരുടെ ആവശ്യങ്ങള്‍ പൂര്‍ത്തിയാക്കി വരികയും ചെയ്യുന്നു. ഈ ഫണ്ടില്‍ സംഖ്യയില്ലെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ അവരുടെ ആവശ്യങ്ങള്‍ പൂര്‍ത്തിയാക്കുന്നതാണ്. ഇത് അവരുടെ അവകാശവും ജമാഅത്തിന്റെ ബാധ്യതയുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ശുഹദാക്കളെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതാണ്. ചുരുക്കത്തില്‍ ആരെങ്കിലും ഇതിലേക്ക് നല്‍കാന്‍ ഉദ്ദേശിക്കുന്നുവെങ്കില്‍ ജമാഅത്തില്‍ സയ്യിദ്നാ ബിലാല്‍ ഫണ്ട് എന്ന പേരില്‍ ഒരു ഫണ്ട് നിലവിലുണ്ട്, അതിലേക്ക് കൊടുക്കാവുന്നതാണ്.

ആദ്യമായി ദാറുല്‍ ദിക്റില്‍ വെച്ച് ശഹീദാക്കപ്പെട്ട മലിക് ശൈഖ് മുനീര്‍ സാഹിബിനെക്കുറിച്ച് പറയുന്നതാണ്. അദ്ദേഹത്തിന്റെ പിതാവ് ശൈഖ് താജുദ്ദീന്‍ സാഹിബ് സ്റ്റേഷന്‍ മാസ്റ്ററായിരുന്നു. താജുദ്ദീന്‍ സാഹിബ് 1927 ല്‍ ബൈഅത്ത് ചെയ്തു. ജലന്തറില്‍ താമസിക്കുന്ന ആളായിരുന്നു.മലിക് ശൈഫുറ്റഹ്മാന്‍ സാഹിബുമായി സുഹൃദ്ബന്ധമുണ്ടായിരുന്നു. ഇവര്‍ രണ്ട്പേരും ജമാഅത്തിന്റെ കഠിന ശത്രുക്കളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥം കാണുകയും നബികരീം(സ)ന്റെ മഹത്ത്വം പ്രകീര്‍ത്തിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കവിതകളും വായിക്കുകയുണ്ടായി. അങ്ങിനെ ജമാഅത്തിനെക്കുറിച്ച് അറിയാനുള്ള താല്‍പര്യം ഉണ്ടാകുകയും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ചില ഗ്രന്ഥങ്ങള്‍ വായിക്കുകയും അങ്ങനെ ജമാഅത്തില്‍ പ്രവേശിക്കുകയും ചെയ്തു. ശൈഖ് മുനീര്‍ അഹ്മദ് സാഹിബ് ശൈഖ് താജുദ്ദീന്‍ സാഹിബിന്റെ മകനാണ്. ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസയോഗ്യത എല്‍.എല്‍.ബി ആയിരുന്നു. വിദ്യാഭ്യാസത്തിനുശേഷം ഇദ്ദേഹം സിവില്‍ ജഡ്ജ് ആകുകയും പല സ്ഥലങ്ങളിലും നിയോഗിക്കപ്പെടുകയും ചെയ്തു. പിന്നീട് ലാഹോറില്‍ സ്പെഷ്യല്‍ ജഡ്ജ് എന്ന നിലയിലും നിയോഗിക്കപ്പെട്ടു. പിന്നീട് സ്പെഷ്യല്‍ ജഡ്ജ് കസ്റ്റംസ് എന്ന നിലയിലും ജോലി ചെയ്തു. 2000 ല്‍ റിട്ടയറായി.

ശൈഖ് സാഹിബിന്റെ നീതി വളരെ പ്രശസ്തമായിരുന്നു. അദ്ദേഹവുമായി ബന്ധപ്പെടുന്ന എല്ലാവര്‍ക്കും ഇദ്ദേഹം നീതിമാനാണെന്ന് അറിയാം. ഒരിക്കലും ഒരു ഭയവും അദ്ദേഹത്തിന് തോന്നാറില്ല. റാവല്‍പിണ്ഡിയില്‍ ഒരു കേസില്‍ രണ്ട് പാര്‍ട്ടികളില്‍ ഒരു പാര്‍ട്ടി ലാഹോറി അഹ്മദിയുമായി ബന്ധമുള്ള ഒരു സ്ത്രീയായിരുന്നു. അവരുടെ വക്കീല്‍ മുജീബ് റഹ്മാന്‍ സാഹിബായിരുന്നു. രണ്ടാമത്തെ കക്ഷി മൗലവിമാരില്‍പെട്ട ആളുമായിരുന്നു. മുനീര്‍ സാഹിബ് കോടതിയില്‍ വന്ന ഉടനെ താന്‍ അഹ്മദിയാണെന്ന് പറയുകയും ആര്‍ക്കെങ്കിലും വല്ല ആക്ഷേപവുമുണ്ടെങ്കില്‍ പറയാവുന്നതാണെന്ന് പറയുകയും ചെയ്തു. എന്നാല്‍ മൗലവിയായ രണ്ടാമത്തെ കക്ഷി നമുക്ക് സ്വീകാര്യമാണ്, ഞങ്ങള്‍ താങ്കളില്‍ നിന്ന് തന്നെ വിധി നടപ്പിലാക്കാന്‍ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. ലാഹോറി അഹ്മദി പാര്‍ട്ടിയുടെ വക്കീല്‍ മുജീബ് റഹ്മാന്‍ സാഹിബ് അഹ്മദിയായിരുന്നു. അദ്ദേഹം പറയുകയാണ്, മുനീര്‍ സാഹിബ് തന്റെ നീതി പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങള്‍ക്കെതിരെ തീരുമാനം കല്‍പ്പിക്കുമോ എന്ന ഭയമാണ് ഉണ്ടായിരുന്നത്. എന്നാല്‍ അദ്ദേഹം നീതിമാനായിരുന്നു. നീതി നടപ്പിലാക്കാന്‍ ശ്രമിച്ചുകൊണ്ടിരുന്നു. നീതിയില്‍ നിന്നുകൊണ്ട് സ്ത്രീക്ക് അനുകൂലമായി വിധിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ അറിവ് വളരെ വിശാലമായിരുന്നു. ധീരനായിരുന്നു. കാര്യങ്ങള്‍ തീരുമാനിക്കാന്‍ അസാധാരണ കഴിവുണ്ടായിരുന്നു. ഉദ്യോഗസ്ഥരോടും ദരിദ്രരോടും വളരെ ദയ കാണിക്കാറുണ്ട്. അദ്ദേഹം വളരെ ലളിതമായ ജീവിതമായിരുന്നു നയിച്ചിരുന്നത്. എനിക്ക് സ്വയം അനുഭവമുള്ളതാണ്. ഫസ്ലെ ഉമര്‍ ഫൗണ്ടേഷന്റെ ഡയറക്ടറായും മറ്റു പല നിലകളിലും സേവനം ചെയ്തിട്ടുണ്ട്. മാല്‍ട്ടോണില്‍ സയീം ആയിരുന്നു. ഗാര്‍ഡന്‍ ടൗണ്‍ ഹല്‍ഖയുടെ പ്രസിഡന്റുമായിരുന്നു. ഇദ്ദേഹ

ത്തിന്റെ ഭാര്യ പറയുന്നു; എപ്പോഴും എന്നെയും മക്കളെയും വളരെ നല്ല നിലയിൽ ശ്രദ്ധിക്കാറുണ്ട്, അദ്ദേഹം പറയാറുള്ളത്, ഞാൻ ഒരു പാവം സ്റ്റേഷൻ മാസ്റ്ററുടെ മകനാണ്; എന്നാൽ എന്റെ മക്കൾ കരുതുന്നത് അവർ ഒരു സെഷൻ ജഡ്ജിന്റെ മക്കളാണ് എന്നാണ്. അതുകൊണ്ട് അവർക്ക് ഒരു കുറവും ഉണ്ടാകാൻ പാടുള്ളതല്ല. മൂസിയായിരുന്നു. ഞാൻ പറഞ്ഞതുപോലെ, ദാറുൽ ദിക്റിൽ വെച്ചാണ് ശഹീദായത്.

ശഹീദാവുന്നതിന്ന് ഒരു ദിവസം മുമ്പ് ഇദ്ദേഹത്തിന്റെ സഹോദരി ലജ്നാ ഇമാഇല്ലയിൽ വസിയ്യത്തിനെക്കുറിച്ച് പറഞ്ഞുകൊണ്ട് വസിയ്യത്ത് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന് കാരണമായിത്തീരുന്നു എന്ന് പറഞ്ഞു. വീട്ടിൽ വന്ന് ഞാൻ പറഞ്ഞത് ശരിയാണോ എന്ന് ശൈഖ് സാഹിബിനോട് ചോദിക്കുകയുണ്ടായി. അദ്ദേഹം മറുപടി പറഞ്ഞു. ശരിയാണ്, പക്ഷെ സഹോദരി, യഥാർത്ഥത്തിൽ ജന്നത്തിന്റെ ജാമ്യം ശഹാദത്ത് മുഖേനയാണ് ലഭിക്കാറുള്ളത്. ഇദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. ശഹീദാവുന്നതിന്നു മുമ്പ് എന്റെ കാലിലും തലക്കും പരുക്കു പറ്റിയിട്ടുണ്ട്, പക്ഷേ താൻ ആരോഗ്യവാനാണെന്ന് ഫോണിൽ വിളിച്ചു പറഞ്ഞു. ഖുദ്ദാമിൽ പെട്ട ആരോ അദ്ദേഹത്തോട് താഴെ പോകുവാൻ പറഞ്ഞു. അദ്ദേഹം അത് നിഷേധിച്ചു. വെടിയുണ്ടകൾ ഉതിർക്കപ്പെടാൻ തുടങ്ങിയപ്പോൾ രണ്ട് കൈകളും ഉയർത്തി ജനങ്ങളോട് ഇരിക്കാനും ദുആയും സ്വലാത്തും ചൊല്ലാനും പറഞ്ഞു. അദ്ദേഹത്തിന്റെ കൈയ്യിൽ ഫോൺ ഉണ്ടായിരുന്നില്ല. കൂടെയുള്ള ഒരാളിൽ നിന്ന് ഫോൺ വാങ്ങി വീട്ടിലേക്കും പോലീസ് സ്റ്റേഷനിലേക്കും ഫോൺ ചെയ്തു. പോലീസിന് ഫോൺ ചെയ്തപ്പോൾ തങ്ങൾ പള്ളിയിലെത്തി എന്ന് പറഞ്ഞു. പിന്നെ എന്തുകൊണ്ട് അകത്തേക്ക് വരുന്നില്ല എന്ന് ദേഷ്യത്തോടെ ചോദിച്ചു. ഏതൊരു ഖാദിമിൽ നിന്ന് ഫോൺ വാങ്ങിയോ ആ ഖാദിം പറയുന്നു; അദ്ദേഹത്തിന്റെ അവസാന വാക്കായി ഞാൻ കേട്ടത് അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹു എന്നായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. ജുമുആക്ക് പോകുന്നതിനുമുമ്പ് കുറച്ചു സംഖ്യ എനിക്ക് തന്നിട്ടു പറഞ്ഞു. ഇത് നീ വെക്കുക. ഇതിനുമുമ്പ് ഒരിക്കലും ഇങ്ങനെ ചെയ്തിട്ടില്ല. അതുകൊണ്ട് ഞാൻ പറഞ്ഞു നിങ്ങൾ വെക്കുന്ന സ്ഥലത്ത് തന്നെ വെക്കുക. അപ്പോൾ പറഞ്ഞു, ഓഫീസ് അടച്ചിരിക്കുകയാണ്. പൈസ വെക്കാൻ സാധിക്കുകയില്ല, അതുകൊണ്ട് നീ തന്നെ വെച്ചുകൊള്ളുക. അതുപോലെ ഭാര്യ പറയുകയാണ്; ഇത് കേസിന്റെ പൈസയാണ് ഇത് നിന്റെ അടുക്കൽ വെക്കുക, പിന്നീട് കക്ഷിക്ക് കൊടുത്താൽ മതി. ഇതിന്ന് മുമ്പ് ഒരിക്കലും തന്നെ കേസിനെ സംബന്ധിച്ച് എന്നോട് പറയാറില്ല. റിട്ടയർമെന്റിന് ശേഷമൊ അല്ലെങ്കിൽ അതിന് മുമ്പോ എന്റെ വഖ്ഫ് സ്വീകരിക്കണമെന്ന് രണ്ട് പ്രാവശ്യം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമ (റഹ്) നോട് പറയുകയുണ്ടായി. അപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് പറഞ്ഞത് താങ്കൾ പ്രവർത്തിക്കുന്ന സ്ഥലത്ത് തന്നെ പ്രവർത്തിക്കുക. ഇതു മുഖേന നല്ല നിലയിൽ തബ്ലീഗ് നടക്കുന്നു. അഹ്മദി ഓഫീസർമാർ ഏത് രീതിയിലുള്ളവരാണ് എന്ന് ഇതു മുഖേന ജനങ്ങൾ മനസ്സിലാക്കും. ബോഡിഗാർഡിനെ വെക്കാൻ ഒരു മകൻ പറഞ്ഞപ്പോൾ എന്തിനാണ് എനിക്ക് ബോഡിഗാർഡ്, എന്നെ വെടിവെക്കുകയാണെങ്കിൽ ഞാൻ ശഹീദാകും. അത്രയല്ലെ ഉള്ളൂ.

നമ്മുടെ മുബല്ലിഗ് മുബശ്ശിർ മജീദ് സാഹിബ് ഇദ്ദേഹത്തെക്കുറിച്ച് ഒരു സംഭവം വിവരിക്കുന്നു. ഗുൽബർ ലാഹോറിലുള്ള മുറബ്ബിയാണ്. 1997 ലോ 98 ലോ ഉള്ള സംഭവമാണ്. ഒരിക്കൽ എനിക്ക് മുറബ്ബി ജില്ലയുടെ ഫോൺ വന്നു, അനഹ്മദികളുടെ ഒരു വലിയ പണ്ഡിതനും ജംഇയ്യത്തുൽ ഉലമാ പാക്കിസ്ഥാന്റെ ഉയർന്ന പദവിയിൽ ഇരിക്കുകയും ചെയ്യുന്ന ആളെ നമുക്കൊന്ന് കാണാൻ പോകണം. അപ്പോൾ എന്തിനാണ് കാണാൻ പോകുന്നതെന്നോർത്ത് ഞാൻ അൽഭുതപ്പെട്ടുപോയി. പക്ഷെ മുറബ്ബി സാഹിബ് ജില്ലയുടെ കൂടെ ഞാൻ കാണാൻ പോയി. സെക്രട്ടേറിയേറ്റിൽ എത്തി. കാണേണ്ട ആളെ കാണുകയും അദ്ദേഹത്തെ പരിചയപ്പെടുകയും ചെയ്തു. ജംഇയത്തുൽ ഉലമാ പാക്കിസ്ഥാന്റെ സെക്രട്ടറിയാണിയാൾ. നമ്മുടെ കഠിന ശത്രുക്കളും. അയാൾ പറയുകയാണ്, കംസ്റ്റംസ് അധികൃതർ കള്ളക്കേസുണ്ടാക്കി എന്റെ പേരിൽ കേസ് എടുത്തിരിക്കുകയാണ്. ജഡ്ജിയാണെങ്കിൽ ഒരു പ്രത്യേക മനുഷ്യനുമാണ്. മൂന്ന് പ്രാവശ്യം കേസിന് വിളിക്കുകയും ഞാൻ കോടതിയിൽ പോകുകയും ചെയ്തു. കോടതിയിൽ മൂന്നു പ്രാവശ്യവും കോടതിയിൽ ജഡ്ജ് വന്ന ഉടനെ മേശപ്പുറത്ത് ശക്തിയായി അടിക്കുകയും എല്ലാവരും ശ്രദ്ധിക്കുക, താൻ അഹ്മദിയാണെന്ന് പറയുകയും ചെയ്യും. ഇനി കേസിന്റെ നടപടി തുടങ്ങുക എന്ന് പറയും. സെക്രട്ടറി പറയുന്നു. ഇത് കേൾക്കുമ്പോൾ തന്നെ എന്റെ പകുതി ജീവൻ പോകും. കാരണം ഇദ്ദേഹം പറയുമ്പോൾ നിന്നെ എന്റെ കയ്യിൽ കിട്ടിയിരിക്കുകയാണ് ഇനി ഞാൻ നിന്നെ വെറുതെ വിടുകയില്ലെന്നാണ് പറയുന്നതെന്ന് എനിക്ക് തോന്നിപ്പോകും. അതുകൊണ്ട് നിങ്ങളെന്നെ സഹായിക്കുക. ഈ ജഡ്ജിയിൽ നിന്ന് എന്റെ ജീവൻ രക്ഷപ്പെടുത്തുക. മതപരമായ ഭിന്നത കാരണം എന്നെ ശിക്ഷിക്കുമെന്നാണ് ഞാൻ കരുതുന്നത്. മുറബ്ബി സാഹിബ് പറയുകയാണ്. ഞാൻ അദ്ദേഹത്തോട് പറഞ്ഞു. താങ്കൾ തെറ്റിദ്ധാരണയിലാണ്. താങ്കൾ അദ്ദേഹത്തിന്റെ ഉദ്ദേശം മനസ്സിലാക്കിയിട്ടില്ല. മേശപ്പുറത്ത് അടിച്ച് താൻ അഹ്മദിയാണെന്ന് പറയുന്നതിന്റെ ഉദ്ദേശ്യം താങ്കൾ മനസ്സിലാക്കിയതുപോലെയല്ല. മറിച്ച് താൻ അഹ്മദിയാണ്, ആരോടും കൈക്കൂലി വാങ്ങുകയില്ല, ശുപാർശ സ്വീകരിക്കുകയില്ല, ആരുടേയും ഭാഗം ചേർന്ന് വിധി നടപ്പാക്കുകയില്ല, താൻ അല്ലാഹുവിനെ മാത്രം ഭയപ്പെടുന്നു. ഇതാണ് ജഡ്ജ് പറഞ്ഞതിന്റെ ഉദ്ദേശം. അതുകൊണ്ട് താങ്കൾ നമ്മളോട് കരുണ കാണിക്കുക. ശുപാർശ ചെയ്യിക്കാൻ നിർബന്ധിക്കുകയുമരുത്. ഞങ്ങൾ അങ്ങനെ ചെയ്യുകയുമില്ല. അപ്പോൾ അദ്ദേഹം ചോദിച്ചു, എന്നെ കേസിൽ കുടുക്കുകയാണെങ്കിൽ ഞാൻ എന്ത് ചെയ്യും? മുറബ്ബി സാഹിബ് പറയുകയാണ്, താങ്കൾ തെറ്റുകാരനല്ലെങ്കിൽ മതത്തിന്റെ ഭിന്നത കാരണം താങ്കളെ ഒരിക്കലും ശിക്ഷിക്കുകയില്ലെന്ന് ഞാൻ ഉറപ്പ് തരുന്നു എന്ന് അദ്ദേഹത്തോട് പറഞ്ഞു. അതിനു ശേഷം ഞങ്ങൾ അവിടെ നിന്നും തിരിച്ചുപോന്നു. അഞ്ചാറു മാസങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ ഫോൺ വന്നു കേസിൽ നിന്ന് രക്ഷപ്പെട്ടു എന്ന്. അതുകാരണം ഞങ്ങളുടെ ലീഡർ താങ്കളോട് നന്ദി പറയുകയാണ്. അദ്ദേഹം പറഞ്ഞു. നന്ദി നമ്മളോടല്ല രേഖപ്പെടുത്തേണ്ടത്. മറിച്ച് നിങ്ങൾ ഇമാം മഹ്ദിക്കാണ് നന്ദി രേഖപ്പെടുത്തേണ്ടത്. കാരണം അദ്ദേഹത്തിന്റെ അധ്യാപനങ്ങളും വിശുദ്ധീകരിക്കുന്ന ശക്തിയും മുഖേനയാണ് ഇത്തരത്തിലുള്ള ഒരു ജമാഅത്ത് രൂപീകരിക്കപ്പെട്ടത്. ആ ഇമാം

മഹ്ദി ലോകത്ത് നിന്ന് അപ്രത്യക്ഷമായ ധാർമ്മിക ഗുണം വീണ്ടും ലോകത്ത് നടപ്പിലാക്കാനാണ് വന്നത്. ഇതായിരുന്നു ശൈഖ് സാഹിബിന്റെ നീതിയുടെ നിലവാരം. വളരെ ധൈര്യവാനാണ്.

കഴിഞ്ഞ വർഷം ഇദ്ദേഹത്തെ ലാഹോർ ലോക്കൽ അമീറായി നിയോഗിച്ചപ്പോൾ ഇദ്ദേഹത്തോട് ഞാൻ പറഞ്ഞു; എന്തെങ്കിലും നിർദ്ദേശങ്ങൾ നേരിട്ട് അറിയണമെങ്കിൽ നേരിട്ട് ഫോണിലൂടെ ബന്ധപ്പെടാവുന്നതാണ്. ഒരിക്കൽ അമീർ സാഹിബിന്റെ ഫോൺ വന്നു. എന്നിട്ടു പറഞ്ഞു. അങ്ങ് എനിക്ക് തന്നിട്ടുള്ള അനുവാദത്തിൽ പ്രയോജനമെടുത്തുകൊണ്ടു ഫോൺ ചെയ്യാമെന്നു കരുതി. എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ നേരിട്ട് കേൾക്കാമല്ലൊ. അല്ലെങ്കിൽ സലാമെങ്കിലും പറയാമല്ലൊ. ബാക്കി കാര്യങ്ങളൊക്കെ നല്ല രീതിയിൽ നടക്കുന്നുണ്ടെന്നും പറഞ്ഞു. ഇദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്യുന്നവരെ കൂടെക്കൂട്ടി ജോലി ചെയ്യുന്ന ആളാണ്. ലാഹോറിലുള്ള ലജ്ന സദർ സാഹിബ എന്നോട് പറഞ്ഞു. ഇദ്ദേഹത്തെ അമീറായി നിയോഗിച്ചപ്പോൾ ആരെയാണ് അമീറായി നിയോഗിച്ചത്, ഇദ്ദേഹത്തെ ആരും അറിയില്ലല്ലൊ എന്നൊരു തോന്നൽ ഉണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്തപ്പോൾ അദ്ദേഹം അദ്ദേഹത്തിന്റെ ഉത്തരവാദിത്വം നല്ലനിലയിൽ ചെയ്തു എന്ന് മനസ്സിലാക്കാൻ സാധിച്ചു. എല്ലാവരോടും വളരെ സ്നേഹത്തോടു കൂടി പെരുമാറി. പല ഗുണങ്ങളുടേയും ഉടമസ്ഥനാണ്. അല്ലാഹു തന്റെ സ്നേഹിതൻമാരുടെ കൂടെ ഇദ്ദേഹത്തേയും വെക്കുമാറാകട്ടെ.

രണ്ടാമത്തെ ശഹീദ് മേജർ ജനറൽ റിട്ടയർഡ് നാസർ ചൗധരി സാഹിബാണ്. ഇദ്ദേഹം ചൗധരി സഫ്ദറലി സാഹിബിന്റെ മകനാണ്. ജില്ലാ സിയാൽ കോട്ട് ഫസ്ലൂൽ നിവാസിയാണ്. ഇദ്ദേഹത്തിന്റെ പിതാവ് ഇൻസ്പെക്ടർ ആയിരുന്നു. 1930 ൽ ഡ്യൂട്ടി ചെയ്യുന്നതിനിടയിൽ അദ്ദേഹം ശഹീദാക്കപ്പെട്ടു. പിതാവ് ശഹീദാകുമ്പോൾ ജനറൽ സാഹിബിന് വെറും 10 വയസ്സ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. ജനറൽ സാഹിബിന്റെ പിതാവിന്റെ ഉമ്മ ചൗധരി സഫറുല്ലാ ഖാൻ സാഹിബിന്റെ വളർത്തുമ്മ കൂടിയായിരുന്നു. 1942 ൽ ബാംഗ്ലൂരിൽ പോയി. രണ്ടാം ലോകമഹായുദ്ധത്തിൽ ബർമയുടെ ഫ്റോൺഡിയർ ഫോഴ്സിന്റെ കീഴിലായിരുന്നു ജോലി ചെയ്തിരുന്നത്. 1943 ൽ ഇദ്ദേഹത്തിന്റെ നിക്കാഹ് നടന്നു. നിക്കാഹ് സർവ്വർഷാ സാഹിബ് (റ) ആണ് നിർവ്വഹിച്ചത്. ഇദ്ദേഹത്തിന്റെ നിക്കാഹിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) യും, ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ് (റ) യും പങ്കെടുത്തിരുന്നുവെന്ന് എപ്പോഴും പറയാറുണ്ട്. 1971 ൽ രാജസ്ഥാൻ 33 ഡിവിഷന്റെ കമാന്ററായി നിയമിക്കപ്പെട്ടു. അവിടുന്ന് അദ്ദേഹത്തിന്റെ കാൽമുട്ടിൽ വെടികൊണ്ടു. അത് ശരീരത്തിൽ തന്നെ തങ്ങുകയും ചെയ്തു. ഡോക്ടർമാർക്ക് വെടിയുണ്ട പുറത്തെടുക്കാൻ സാധിച്ചിട്ടില്ല. യുദ്ധത്തിന്നിടയിൽ അദ്ദേഹത്തിന്റെ പി.എ.ക്കും മുറിവ് പറ്റി. അദ്ദേഹത്തെ ഹെലികോപ്റ്റർ മുഖേന ഹൈദറാബാദിലേക്ക് അയച്ചു തീവണ്ടിയിൽ സ്വയം ഹൈദരാബാദിൽ എത്തി. ഡോക്ടർമാർ പറയുന്നു. ഇദ്ദേഹം രണ്ടാമതും നടക്കാൻ തുടങ്ങിയാൽ അതൊരു മുഅ്ജിസത്ത് (അൽഭുത കൃത്യം) ആയിരിക്കും. കാരണം, വെടിയുണ്ട പുറത്തെടുക്കാൻ സാധിച്ചിട്ടില്ല. ഏതായിരുന്നാലും വളരെ ദൃഢനിശ്ചയമുള്ള ആളായിരുന്നു. എക്സൈസ് ചെയ്തു കൊണ്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖം പ്രാപിക്കുകയും അദ്ദേഹത്തിനു നടക്കാൻ സാധിക്കുകയും ചെയ്തു. 20 വർഷം ലാഹോർ ജില്ലയുടെ ഇസ്ലാഹോ ഇർശാദ് സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. 1987 മുതൽ ശഹീദാവുന്നതുവരെ മൾടൗൺ ഹൽഖയുടെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. മരണ സമയത്ത് ഇദ്ദേഹത്തിന്റെ വയസ്സ് 91 ആയിരുന്നു. മൂസിയായിരുന്നു. മോഡേൺ പള്ളിയിൽ വെച്ചുതന്നെയാണ് ഇദ്ദേഹത്തേയും ശഹീദാക്കിയത്.

ഇദ്ദേഹത്തിന്റെ ഭാര്യ പറയുന്നു; വളരെയധികം മുഖ്ലിസും ഖിലാഫത്തിനോട് അതിരറ്റ സ്നേഹം വെച്ചുപുലർത്തിയിരുന്ന ആളുമായിരുന്നു. നമസ്കാരം കൃത്യനിഷ്ഠയോടെ അനുഷ്ഠിച്ചിരുന്നു. ജമാഅത്തിനോട് വേദനയുള്ള വ്യക്തി. ഒരിക്കൽ ഡ്രൈവർ ഇല്ലാത്ത അവസ്ഥ വന്നപ്പോൾ തന്റെ ഓഫീസറോട് ഡ്രൈവറെ ആവശ്യപ്പെടുക എന്ന് ഭാര്യ പറഞ്ഞു. അപ്പോൾ മറുപടിയായി പറഞ്ഞു. അല്ലാഹു എനിക്ക് വളരെയധികം നൽകിയിരിക്കുന്നു. ഞാൻ സ്വയം തന്നെ ചെലവാക്കുന്നതാണ്. 1943 ൽ വസിയ്യത്ത് ചെയ്തു. ലാഹോറിലെ ജില്ലാ നാഇബ് അമീർ, മേജർ അബ്ദുൽ ലത്തീഫ് സാഹിബ് തമാശ രൂപേണ പറയാറുള്ളത് ഇന്ന് ജനറലും എന്റെ കീഴിൽ ജോലി ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അദ്ദേഹം ലാഹോറിലെ ജില്ലാ നാഇബ് അമീറാണ്. അപ്പോൾ ജനറൽ സാഹിബ് ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു. നമ്മുടെ ജോലി അനുസരിക്കുക എന്നതാണ്. ഞാൻ അഹ്മദിയാണ് ജമാഅത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ മേജറെന്നോ ജനറലെന്നോ ഉള്ള പ്രശ്നമില്ല. മോഡേൺ ടൗണിലെ മസ്ജിദ് നൂറിലെ പുറം ഭാഗത്ത് കസേരയിലാണ് എപ്പോഴും ഇരിക്കാറുള്ളത്. ഈ സംഭവം നടക്കുമ്പോഴും അവിടെതന്നെയാണ് ഇരുന്നത്. വെടിവെക്കാൻ തുടങ്ങിയപ്പോൾ ഒരാൾ പറഞ്ഞു; അകത്തേക്ക് വരിക. ആദ്യം നിങ്ങൾ മറ്റുള്ളവരെ അകത്തേക്ക് കൊണ്ടുപോകുക എന്ന് പറഞ്ഞു. പിന്നീട് അദ്ദേഹം സ്വയം അകത്തേക്ക് പോയി. ഹാളിലുള്ള അവസാനത്തെ വരിയിലുള്ള കസേരയിൽ ഇരുന്നു. ജനങ്ങളോട് താഴ്ഭാഗത്തേക്ക് പോകാൻ വേണ്ടി പറഞ്ഞു. ഇദ്ദേഹത്തോടും പറഞ്ഞു. പക്ഷെ ഇദ്ദേഹം അത് നിഷേധിച്ചുകൊണ്ട് അവിടെത്തന്നെ ഇരുന്നു. അപ്പോൾ ഒരു തീവ്രവാദി അദ്ദേഹത്തിന്റെ ഭാഗത്തേക്ക് ഗ്രേനേഡ് എറിഞ്ഞു. അദ്ദേഹത്തിന്റെ കാൽഭാഗത്ത് അത് വീഴുകയും പൊട്ടുകയും ചെയ്തു. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ കൂടെ നിന്ന വ്യക്തി താഴെ വീണു ഇദ്ദേഹവും വീണു. പക്ഷേ, വീണ്ടും എഴുന്നേറ്റ് കസേരയിൽ ഇരുന്നു. തീവ്രവാദികൾ വീണ്ടും വെടിവെക്കാൻ തുടങ്ങി. അപ്പോൾ ഒരു വെടി അദ്ദേഹത്തിന്റെ കഴുത്തിൽ കൊള്ളുകയും കസേരയിൽ ഇരുന്നുകൊണ്ട് ശഹീദാകുകയും ചെയ്തു. വളരെ വിനയത്തോടും കൂറോടും കൂടി ജമാഅത്തിന്റെ സേവനങ്ങൾ നിർവ്വഹിക്കുകയും ബൈഅത്ത് നിബന്ധനകൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു. സൈന്യത്തിൽ പ്രവർത്തിക്കുമ്പോഴും ചില സന്ദർഭങ്ങളിൽ ശഹീദാവാനുള്ള അവസരം ഉണ്ടായിരുന്നു. എന്നാൽ അല്ലാഹുവിന്ന് തന്റെ സത്യസന്ധന്മാരുടെ ചില പ്രവൃത്തികൾ ഇഷ്ടപ്പെടുന്നു. അല്ലാഹു അദ്ദേഹത്തിന് ശഹാദത്തിനുള്ള അവസരം കൊടുത്തു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ എളിയ സേവകനെന്ന നിലയിൽ ഇബാദത്ത് ചെയ്യുന്ന നിലയിലാണ് അത് ലഭിച്ചത്. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

അടുത്തത് അസ്ലം ബർവ്വാനാ സാഹിബ് ശഹീദ്. ഇദ്ദേഹം ഖാജാ

ഖാൻ ബർവ്വാനാ സാഹിബിന്റെ മകനായിരുന്നു. ശഹീദിന്റെ പിതാവ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ കാലത്ത് ബൈഅത്ത് ചെയ്തു. ജങ്ക് നിവാസിയായിരുന്നു. മർഹൂം മെക്കാനിക്കൽ എൻജിനീയറിംഗ് യൂനിവേഴ്സിറ്റി ടെക്സലയിൽ നിന്ന് പാസായി. 1981 മുതൽ പാക്കിസ്ഥാനിൽ ജോലി ചെയ്യുന്നു. മജ്‌ലിസ് അൻസാറുല്ലായുടെ സജീവ പ്രവർത്തകനാണ്. പള്ളിയിൽ അറിയിപ്പുകൾ വായിച്ചു കേൾപ്പിക്കുന്ന ആളാണ്. സംഭവം നടക്കുന്ന സമയത്തും വിളംബരം ചെയ്തു കഴിഞ്ഞതേയുള്ളൂ. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ വയസ്സ് 59 ആയിരുന്നു.

ഇദ്ദേഹത്തിന്റെ ശഹാദത്തും ദാറുൽ ദിക്റിലാണ് നടന്നത്. മസീഹ് അഹ്മദ് സാഹിബിന്റെ സഹോദരീ ഭർത്താവാണ്. അഹ്മദ് നസീം ഖാൻ സാഹിബ് ഇദ്ദേഹത്തിന്റെ ഭാര്യാ പിതാവും. പാക്കിസ്ഥാനിൽ ചീഫ് എഞ്ചിനീയറായിരുന്നു. 20 ഗ്രേഡിന്റെ ഓഫീസറായിരുന്നു. ഗ്രേഡ് വർദ്ധിക്കുന്നതിനുവേണ്ടി ഫയലുകൾ സമർപ്പിച്ചു. കുറച്ചു ദിവസത്തിനുശേഷം ഗ്രേഡ് വർദ്ധിക്കേണ്ടതായിരുന്നു. എന്നാൽ അല്ലാഹു അദ്ദേഹത്തിന് ഇതിനേക്കാൾ മഹത്തായ പദവി നൽകുകയുണ്ടായി. ഇതിനുപകരമായി ഈ ഗ്രേഡിനോ പദവിക്കോ ഒരു സ്ഥാനവുമില്ല. ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു ഖാദിം ഇദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് അദ്ദേഹത്തിനോട് താഴ്ഭാഗത്തേക്ക് പോകാൻ പറഞ്ഞു. പക്ഷേ, അദ്ദേഹം അതിനു തയ്യാറായില്ല. മറിച്ച് പറഞ്ഞത്, നിങ്ങൾ മറ്റുള്ളവരെ കൊണ്ടുപോകുക. ഞാൻ ഇവിടെ തന്നെ നിന്നുകൊള്ളാം. അദ്ദേഹം വാതിൽ തുറന്ന് മറ്റുള്ളവരുടെ വിവരം അറിയാൻ ഹാളിൽ നിന്ന് വരാന്തയിലേക്ക് വരുമ്പോൾ തന്നെ തീവ്രവാദികൾ അദ്ദേഹത്തെ വെടിവെക്കുകയുണ്ടായി. മർഹൂം ജമാഅത്തിലെ പല തസ്തികകളിലും നിയോഗിക്കപ്പെട്ടിരുന്നു. റാവൽ പിണ്ഡിയിലേയും ലാഹോറിലേയും മുൻ ഖാഇദ്, സെക്രട്ടറി തർബ്ബിയ്യത്ത് നൗ മുബയ്യീൻ, സെക്രട്ടറി ജാഇദാദ് ലാഹോർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. ഇഖ്‌ലാസോടുകൂടി രാപ്പകൽ സേവനം ചെയ്യുന്ന വ്യക്തിയായിരുന്നു. വളരെയധികം ധൈര്യശാലിയായിരുന്നു.

കൊയ്റ്റ എന്നസ്ഥലത്ത് ജോലി സംബന്ധമായി നിയമിതനായിരുന്ന കാലത്ത് അന്നത്തെ പാക്കിസ്ഥാൻ പ്രസിഡന്റ് ജനറൽ സിയാഹുൽ ഹഖ് ഒരു പരിപാടിയിൽ പങ്കെടുക്കാൻ അവിടെ വന്നിരുന്നു. റെയിൽവേ ഓഫീസർ ആയതുകൊണ്ട് ഇദ്ദേഹത്തിന് ആ പരിപാടിയിൽ മുമ്പിൽ ഇരിക്കാൻ സീറ്റ് കിട്ടി. ആ സമയത്ത് കലിമയെ സംബന്ധിച്ചുള്ള കേസ് നടക്കുന്നുണ്ടായിരുന്നു. ഓർഡിനൻസ് പുതുതായി വന്നതേ ഉണ്ടായിരുന്നുള്ളൂ. കലിമയുടെ ബേഡ്ജ് ധരിച്ചാണ് അദ്ദേഹം വന്നത്. ഒന്നാമത്തെ നിരയിലാണ് ഇരുന്നിരുന്നത്. ഗവർണർ വന്നുകൊണ്ട് അദ്ദേഹത്തോട് പറഞ്ഞു, ഒന്നുകിൽ നിങ്ങൾ പിന്നിൽ പോയിരിക്കുക, അല്ലെങ്കിൽ ബേഡ്ജ് എടുത്തു മാറ്റുക. അദ്ദേഹം പറഞ്ഞു; താൻ കലിമയുടെ ബാഡ്ജ് എടുത്തു കളയാനും തയ്യാറല്ല. അതുപോലെ ഭയന്ന് കൊണ്ട് പിന്നിൽ പോയി ഇരിക്കാനും തയ്യാറല്ല. താങ്കൾക്ക് വേണമെങ്കിൽ എന്നെ ജോലിയിൽ നിന്ന് പുറത്താക്കാം.

പരീക്ഷണ ഘട്ടത്തിലും ലാഹോറിലെ ഇലാഖ ഖാഇദായിരുന്നു. അവസ്ഥയെ മുൻനിർത്തി യുവാക്കളെ ഡ്യൂട്ടിക്കായി തയ്യാറാക്കി സ്വയം ദീർഘനേരം ഗേറ്റിൽ ഡ്യൂട്ടി കൊടുത്തുകൊണ്ടിരുന്നു. മറ്റുള്ളവരെ സഹായിക്കുകയും ഖിദ്മത്ത് ചെയ്യുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. മർഹൂമിന്റെ ഭാര്യ പറയുന്നു. ജമാഅത്തിനോടും ഖിലാഫത്തിനോടും സ്നേഹമുണ്ടായിരുന്നു. ജമാഅത്തിയായ പ്രവൃത്തികൾക്ക് മുൻഗണന നൽകാറുണ്ടായിരുന്നു. ജീവിതം വഖ്ഫ് ചെയ്യാൻ വളരെയധികം ആഗ്രഹമുണ്ടായിരുന്നു. റിട്ടയർ ആയതിനുശേഷം ജീവിതം വഖ്ഫ് ചെയ്തു. ആരോഗ്യം വളരെ നല്ല നിലയിൽ ശ്രദ്ധിക്കാറുണ്ടായിരുന്നു. അതിനു കാരണം പറഞ്ഞിരുന്നത് താൻ ജമാഅത്തിന് വഖ്ഫ് ചെയ്ത ആളാണ് അതുകൊണ്ട് ജമാഅത്തിന് നല്ല നിലയിൽ സേവനം ചെയ്യാൻ കഴിയണം എന്നാണ്. ഇമാം ജമാഅത്തായ നമസ്കാരത്തിൽ വളരെയധികം ശ്രദ്ധയുണ്ടായിരുന്നു. സത്യസന്ധനായിരുന്നു. ജമാഅത്തിന്റെ ചെലവിലായിരുന്നു പഠിച്ചത്. അതുകൊണ്ട് തുടർച്ചയായി അനാഥരുടെ സംരക്ഷിക്കുന്നതിനു വേണ്ടി ചന്ദ കൊടുക്കാറുണ്ട്. ഇതിനുപുറമെ മറ്റുള്ള കാര്യങ്ങളിലും വളരെ നല്ല നിലയിൽ ഭാഗഭാക്കാകാറുണ്ട്. കുറച്ച് ദിവസം മുമ്പ് ഇദ്ദേഹത്തിന്റെ ഒരു ബന്ധു സ്വപ്നത്തിൽ ഇപ്രകാരം കണ്ടു. ശഹീദുകളെ തിരഞ്ഞെടുക്കുന്നതിന് തയ്യാറാകുക എന്ന ശബ്ദം കേട്ടു .

എനിക്കും ഇദ്ദേഹത്തെ നേരിട്ട് പരിചയമുണ്ട്. വളരെ വിനയത്തോടുകൂടി പ്രവർത്തിക്കുന്ന ആളാണ്. കേന്ദ്രപ്രതിനിധികളെ അത് ആരായിരുന്നാലും വളരെ നല്ല നിലയിൽ ബഹുമാനിക്കാറുണ്ടായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

ശഹീദ് അശ്റഫ് സാഹിബ് റഫീഖ്, അബ്ദുൽ ലത്തീഫ് സാഹിബിന്റെ മകനാണ്. മർഹൂമിന്റെ അധിക ബന്ധുക്കളും അനഹ്മദികളാണ്. ഇദ്ദേഹത്തിന്റെ പിതാമഹൻ ഖുദാബഖ്ശ് സാഹിബ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ കൈയ്യിൽ ബൈഅത്ത് ചെയ്തു. ബർത്താനിയയിൽ താമസക്കാരായിരുന്നു. മുസ്‌ലിഹ് മൗഊദ് (റ) ന്റെ കാലത്ത് പാക്കിസ്ഥാനിൽ വന്ന് താമസമാക്കി. സാമ്പത്തിക ത്യാഗം കൂടുതലായി ചെയ്യുന്ന ആളായിരുന്നു. ബൈത്തുദ്ദിക്റ് നിർമ്മിച്ചുകൊണ്ട് ജമാഅത്തിന് നൽകാനുള്ള ഭാഗ്യം സിദ്ധിച്ചു. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ വയസ്സ് 56 ആയിരുന്നു. സെക്രട്ടറി തഹ്‌രീക് ജദീദ് എന്ന നിലയിൽ സേവനം ചെയ്ത് വരികയായിരുന്നു. ദാറുദ്ദിക്റിൽ ഇദ്ദേഹത്തെ ശഹീദാക്കി. മൂസിയായിരുന്നു. വലതുകഴുത്തിന്റെ പിൻഭാഗത്ത് വെടികൊണ്ട് വെടിയുണ്ട മുന്നിലൂടെ കടന്നുവന്നു. ഈ അവസ്ഥയിൽ തന്നെ കീശയിൽ നിന്ന് ഫോണെടുത്ത് ഡ്രൈവർക്ക് ഫോൺ ചെയ്തു പറഞ്ഞു; എനിക്ക് വെടികൊണ്ടിരിക്കുന്നു, ആരോടും പറയേണ്ടതില്ല. അതുപോലെ ഇദ്ദേഹത്തിന്റെ കഴുത്തിലും വെടികൊണ്ടു. നിസാർ അഹ്മദ് എന്നു പേരുള്ള ഒരു കുട്ടി ചെറുപ്പകാലത്തുതന്നെ ഇദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. ഈ കുട്ടിയെക്കുറിച്ച് പറയുന്നു. ഇദ്ദേഹം വീഴാൻ പോകുമ്പോൾ കുട്ടി അദ്ദേഹത്തെ എടുക്കുകയുണ്ടായി. എന്നാൽ തീവ്രവാദികൾ കുട്ടിയെ വെടിവെക്കുകയും കുട്ടി ശഹീദാകുകയും ചെയ്തു. അദ്ദേഹത്തോടുള്ള തന്റെ കൂറ് പ്രകടിപ്പിച്ചുകൊണ്ട് അവനും ശഹീദാകുകയുണ്ടായി. മർഹൂം എപ്പോഴും ദൈവസ്മരണയിൽ മുഴുകാറുണ്ടായിരുന്നു. നമസ്കാരത്തിൽ അങ്ങേയറ്റം കരയുമായിരുന്നു. ഭാര്യ പറയുന്നു. ഇതിനുള്ള കാരണം ചോദിക്കുമ്പോൾ പറയാറുള്ളത് ഞാൻ ഇതിനൊന്നും അർഹനായിരുന്നില്ല എന്നായിരുന്നു. സാമ്പത്തികത്യാഗത്തിൽ വളരെ മുൻപന്തിയിലാണ്. എല്ലാ മാസവും സൃഷ്ടിസേവനത്തിനായി ലക്ഷക്കണക്കിനു രൂപ ചെലവഴിക്കാറുണ്ട്. ഇദ്ദേഹ

ത്തിന് ഫ്രീയായി നടത്തുന്ന ഒരു ഡിസ്പൻസറിയുമുണ്ട്. പല ആളുകൾക്കും മാസച്ചെലവിനായി പൈസ നൽകാറുണ്ട്. ആരെങ്കിലും അദ്ദേഹത്തിന്റെ അടുക്കൽ സഹായത്തിന് പോയാൽ മറ്റെവിടെയും പോകേണ്ട ആവശ്യമില്ല, എന്റെ അടുത്ത് വന്ന് വാങ്ങിക്കൊള്ളുക എന്ന് പറയുമായിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു; രണ്ട് മാസമായി അശ്റഫ് സാഹിബിന്റെ ജീവിതരീതി മാറിക്കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് പെട്ടെന്ന് എല്ലാ ജോലികളും ചെയ്ത് തീർക്കും. ശഹാദത്തിനു 15 ദിവസം മുമ്പ് പല ജോലികളും ചെയ്യാൻ എന്നോട് വസിയ്യത്ത് ചെയ്തു. ഭാര്യ പറയുകയാണ് എനിക്ക് ഈ ജോലി ചെയ്ത് തീർക്കാൻ സാധിക്കുകയില്ല എന്ന് പറഞ്ഞാൽ പക്ഷെ അദ്ദേഹം പറയും, അല്ലാ ചെയ്യാൻ സാധിക്കും. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

നഈമുദ്ദീൻ സാഹിബ് ശഹീദ് ഇദ്ദേഹം സിറാജുദ്ദീൻ സാഹിബിന്റെ മകനാണ്. ഗുജറാത്തിലെ ഫത്തഹ്പൂരിൽ താമസിക്കുന്ന ആളാണ്. കുടുംബത്തിൽ ആദ്യമായി ഇദ്ദേഹത്തിന്റെ പിതാമഹൻ ബൈഅത്ത് ചെയ്തു. മിർസാ മഹ്മൂദ് അബ്ദുല്ലാഹ് സാഹിബ് ഖാദിയാൻ ഇദ്ദേഹത്തിന്റെ പിതൃവ്യനാണ്. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ വയസ്സ് 56 ആയിരുന്നു. ദാറുദ്ദിക്റിൽ വെച്ചായിരുന്നു ശഹീദാക്കപ്പെട്ടത്.

മർഹൂമിന്റെ ഭാര്യ ശഹീദിനെക്കുറിച്ച് പറയുന്നു. വെള്ളിയാഴ്ച മകളുടെ വീട്ടിൽ നിന്നാണ് ഭക്ഷണം കഴിക്കാറുള്ളത്. എന്നാൽ സംഭവം നടക്കുന്ന ദിവസം ഉച്ചക്ക് ഏകദേശം 2 മണിക്ക് മുറിവേറ്റ നിലയിൽ മകൾക്ക് ഫോൺ ചെയ്തു. ഉമ്മയെ ശ്രദ്ധിക്കണം. ഉമ്മ പറയുന്നു; അതിനുശേഷം ഞാൻ ഫോൺ വാങ്ങി സുഖം തന്നെയെന്ന് ചോദിച്ചു. സുഖം തന്നെയെന്ന് പറഞ്ഞു. അതിനു ശേഷം ഖുദാ ആഫീസ് (അല്ലാഹു സംരക്ഷകനാകട്ടെ) എന്ന് പറയുകയുണ്ടായി. മകൻ ആമിറിനെക്കുറിച്ച് അന്വേഷിച്ചു. ഇദ്ദേഹം രണ്ട് പേരെ രക്ഷപ്പെടുത്തി സ്വയം ശഹീദാകുകയുണ്ടായി. മിഹ്റാബിന്റെ അടുത്താണ് ഇരുന്നിരുന്നത്. ഇദ്ദേഹത്തിന്റെ വയറ്റിലാണ് വെടി കൊണ്ടത്. ഈ സംഭവത്തിൽ ഇദ്ദേഹത്തിന്റെ മകന് പരുക്ക് പറ്റിയിട്ടുണ്ട്. അല്ലാഹുതആല അദ്ദേഹത്തിന് പെട്ടെന്ന് പൂർണ്ണ സുഖം നൽകുമാറാകട്ടെ.

ഭാര്യ പറയുന്നു. നമ്മുടെ ദാമ്പത്യജീവിതം മാതൃകാപരമായിരുന്നു. 5 പെൺമക്കൾ ജനിച്ചു. ഓരോ പെൺകുട്ടി ജനിക്കുമ്പോഴും അനുഗ്രഹം വന്നു എന്നു പറയും. (പെൺകുട്ടികൾ മാത്രം ലഭിക്കുന്നവർ ചിലപ്പോൾ ഭാര്യമാരെ പഴിക്കാരുണ്ട്. അങ്ങിനെയുള്ളവർക്കുള്ള മറുപടികൂടിയാണിത്. പല കത്തുകളും ഇങ്ങിനെയുള്ളവർ ദുഃഖം രേഖപ്പെടുത്തികൊണ്ട് അയക്കാറുണ്ട്. ) ഒരോ പെൺകുട്ടി ജനിക്കുമ്പോഴും ഇദ്ദേഹത്തിന്റെ ഗ്രേഡ് വർദ്ധിച്ചു കൊണ്ടിരുന്നു. സിപ്പായിൽനിന്ന് കേപ്റ്റൻ വരെ എത്തുകയുണ്ടായി. സത്യസന്ധത കാരണമായി ജനങ്ങൾ അദ്ദേഹത്തെ വളരെയധികം ബഹുമാനിക്കാറുണ്ട്. വളരെ ധൈര്യശാലിയാണ്. 1971 ലെ യുദ്ധത്തിലും കാർഗിലിലും പങ്കെടുത്തു. ശഹീദാകണമെന്ന് വലിയ ആഗ്രഹമുണ്ടായിരുന്നു. അല്ലാഹുതആല അദ്ദേഹത്തിന്റെ ഈ ആഗ്രഹവും ഇബാദത്ത് ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥയിൽ പൂർത്തിയാക്കിക്കൊടുത്തു.

കാംറാൺ റശീദ് സാഹിബ്, അദ്ദേഹം മുഹമ്മദ് അശ്റഫ് കമർ സാഹിബിന്റെ മകനാണ്. അദ്ദേഹത്തിന്റെ പിതാമഹൻ ഹാഫിസ് മുഹമ്മദ് അബ്ദുല്ലാ സാഹിബ് അദ്ദേഹത്തിന്റെ കുടുംബത്തിൽ ആദ്യമായി ബൈഅത്ത് ചെയ്തു. 1918 ലാണ് അദ്ദേഹം ബൈഅത്ത് ചെയ്തത്, വിഭജനസമയത്ത് ജലന്തറിൽ നിന്ന് ഹിജ്റത്ത് ചെയ്ത് വന്നു. കാംറാൺ റശീദ് സാഹിബിന്റെ പ്രായം ശഹീദാകുമ്പോൾ 38 വയസ്സായിരുന്നു. ദാറുദ്ദിക്റിൽ വെച്ച് ശഹീദാക്കപ്പെട്ടു.

ശഹീദിന്റെ വിദ്യാഭ്യാസയോഗ്യത ബി.എ. ആയിരുന്നു. കമ്പോസിങ്ങിന്റെ ജോലിയാണ് ചെയ്തുകൊണ്ടിരുന്നത്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവ പ്രവർത്തകനായിരുന്നു. തഅ്ലീം സെക്രട്ടറി എന്ന നിലയിൽ സേവനം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അതിനുപുറമെ ലാഹോറിൽ എം.ടി.എ.യിൽ 1994 മുതൽ വളണ്ടിയറി സേവനം ചെയ്തു വരികയായിരുന്നു. ഇതിനു മുമ്പ് ദാറുദ്ദിക്റിൽ പുസ്തകത്തിന്റെ ഡിപ്പാർട്ടുമെന്റിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അല്ലാഹുവിന്റനുഗ്രഹത്താൽ മൂസിയായിരുന്നു.

ഇദ്ദേഹത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിച്ചത് ഫയറിംഗ് നടക്കുന്ന സമയത്ത് ധൈര്യം സംഭരിച്ചുകൊണ്ട് എം.ടി.എ.യിൽ റിക്കാർഡ് ചെയ്യാൻ വേണ്ടി പുറപ്പെട്ടു. ഇതിനിടയിൽ തീവ്രവാദിയുടെ വെടികൊണ്ട് ശഹീദാകുകയുണ്ടായി. വീട്ടുകാർ പറയുന്നു. വളരെ മൃദുല സ്വഭാവക്കാരനായിരുന്നു. കുട്ടികളെ വളരെയധികം ശ്രദ്ധിക്കാറുണ്ട്, പ്രത്യേകിച്ച് അവരുടെ നമസ്ക്കാര കാര്യത്തിൽ. കഴിഞ്ഞ ഒരു മാസമായി ദാറുദ്ദിക്റിൽ ജോലി ചെയ്തുവരുന്നു. ശഹീദാകുന്നതിന് രണ്ട്മൂന്ന് ദിവസം മുമ്പ് അങ്ങേയറ്റം മൗനമായി ജീവിച്ചു. വിശുദ്ധഖുർആൻ പാരായണം ചെയ്യാതെ വീട്ടിൽ നിന്ന് പുറത്തിറങ്ങാറില്ല.

ഇദ്ദേഹത്തെക്കുറിച്ച് ഇദ്ദേഹത്തിന്റെ ഉമ്മ പറയുന്നു. വെള്ളിയാഴ്ച സുബഹി നമസ്കാരത്തിനു ശേഷം സ്വപ്നത്തിൽ കാണുകയുണ്ടായി. വീട്ടിൽ കല്യാണമാണ്. തെരുവീഥിയിലൊക്കെ അഹ്മദി സ്ത്രീകൾ ഇരിക്കുന്നുണ്ടായിരുന്നു. അവർ എന്നെ കണ്ട് സന്തോഷിക്കുന്നുമുണ്ടായിരുന്നു. അവർ എന്റെ കഴുത്തിൽ മാല ഇട്ടുകൊണ്ടിരിക്കുന്നു. ഒരു സ്ത്രീ എന്നെ ആലിംഗനം ചെയ്തുകൊണ്ട് പറഞ്ഞു. ഞങ്ങൾ മൈലാഞ്ചി ഇട്ടിരിക്കുന്നു. നീ എപ്പോഴാണ് ഇടുന്നത്. ഞാൻ വീട്ടിൽ പോയി ഇട്ടുകൊള്ളാം എന്നു പറഞ്ഞു. ശഹിദിന്റെ സഹോദരൻ കണ്ട സ്വപ്നത്തിൽ കാംറാൻ കുറേ പൂക്കൾക്കിടയിൽ നിൽക്കുന്നതായി കണ്ടു.

ശഹീദിന്റെ ഉമ്മ ലജ്നാ ഇമാഇല്ലായുടെ ദാറുദ്ദിക്ർ ഹൽഖയുടെ സദറായിരുന്നു. പിതാവ് മാൽ സെക്രട്ടറിയും. അദ്ദേഹത്തിന്റെ കൂടെ അദ്ദേഹത്തിന്റെ അമ്മാവനും ശഹീദാകുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

ശഹീദ് ഇജാസ് അഹ്മദ് ബേഗ് സാഹിബ്. ഇദ്ദേഹം മഹ്മൂദ് അൻവർ ബേഗ് സാഹിബിന്റെ മകനായിരുന്നു. മർഹൂമിന്റെ കുടുംബം ഖാദിയാനി നിവാസികളായിരുന്നു. ഉമ്മയുടെ ഭാഗത്ത് നിന്ന് മുഹമ്മദി ബേഗം സാഹിബയുടെ ബന്ധുവായിരുന്നു. ശഹീദാകുന്ന സമയത്ത് അദ്ദേഹത്തിന് 39 വയസ്സായിരുന്നു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയുമായി എപ്പോഴും ബന്ധപ്പെട്ടുകൊണ്ടിരുന്നു. ദാറുദ്ദിക്റിൽ വെച്ച് ശഹീദാക്കപ്പെട്ടു.

ഇദ്ദേഹത്തിന്റെ ഭാര്യ ഇദ്ദേഹത്തെക്കുറിച്ച് പറയുന്നു. ഇദ്ദേഹത്തിന് യൂറിൻ ഇൻഫെഷനാണ്. രോഗിയായി രണ്ട് വർഷമായി രണ്ട് വർഷത്തിന് ശേഷം ആദ്യമായിട്ടാണ് ജുമുആക്ക് പള്ളിയിൽ പോയത്. ജുമുആക്ക് മുമ്പ് പ്രത്യേകമായ നിലയിൽ തയ്യാറെടുപ്പ് നടത്തി. രണ്ട് മാസമായി ആരോഗ്യം മെച്ചപ്പെട്ട് വരികയായിരുന്നു. അദ്ദേഹം ജുമ്ആക്ക് തയ്യാറെടുപ്പ് നടത്തുന്നത് കണ്ടപ്പോൾ വളരെയധികം സന്തോഷം തോന്നി. പക്ഷേ, അല്ലാഹുവിന്റെ തീരുമാനം മറ്റൊന്നായിരുന്നു. പ്രൈവറ്റ് ഡ്രൈവിങ് ആയിരുന്നു ജോലി. ഒരിക്കലും പരിഭ്രമിക്കാറില്ല. വളരെ ക്ഷമാശീലനായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

മിർസാ അക്റം ബേഗ് സാഹിബ് ശഹീദ്. ഇദ്ദേഹം മിർസാ മുനവ്വർ ബേഗ് സാഹിബിന്റെ മകനായിരുന്നു. ശഹീദ് മിർസാ അഹ്മദ് ബേഗ് സാഹിബിന്റെ പൗത്രനുമായിരുന്നു. മിർസാ അഹ്മദ് ബേഗ് സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ കയ്യിൽ ബൈഅത്ത് ചെയ്തു. വിഭജനസമയത്ത് ഖാദിയാനിൽ നിന്ന് ഹിജ്റത്ത് ചെയ്ത് വന്നതാണ്. അഅ്സം ബേഗ് സാഹിബ് ശഹീദ് ഇദ്ദേഹത്തിന്റെ അമ്മാവനായിരുന്നു. 97 ലോ 98 ലോ ഇദ്ദേഹത്തിന്റെ അമ്മാവനേയും ശഹീദാക്കി. ശഹീദാകുന്ന സമയത്ത് അക്രം സാഹിബിന്റെ പ്രായം 58 വയസ്സായിരുന്നു. മജ്ലിസ് അൻസാറുല്ലായുടെ സജീവ പ്രവർത്തകനായിരുന്നു. അദ്ദേഹം ദാറുദ്ദിക്റിൽ വെച്ച് ശഹീദാകുകയുണ്ടായി.

ഗ്രനേഡ് മുഖേനയാണ് ശഹീദായത്. ഇദ്ദേഹം മകന് ഫോൺ ചെയ്തുകൊണ്ട് പറഞ്ഞു. എനിക്ക് മുറിവ് പറ്റിയിരിക്കുന്നു. എനിക്ക് വേണ്ടി ദുആ ചെയ്യുക. ഭാര്യയോടും സംസാരിച്ചിരുന്നു. വലിയ മകനും പള്ളിയിൽ ഉണ്ടായിരുന്നു. മകനെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ തീവ്രവാദികൾ പോയി എന്ന് ആരോ വിളിച്ചു പറഞ്ഞു. പക്ഷേ തീവ്രവാദികൾ പോയെന്നുള്ള വാർത്ത തെറ്റായിരുന്നു. പുറത്തു കടന്നപ്പോൾ വെടികൊണ്ട് ശഹീദാകുകയുണ്ടായി.

അദ്ദേഹം സാത്വികനായിരുന്നു. ധൈര്യശാലിയായിരുന്നു. എല്ലാ വർഷവും ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. കൃത്യനിഷ്ഠയുള്ള ആളായിരുന്നു. ഭാര്യ പറയുന്നു: ഇദ്ദേഹം കാരണമായി ഞങ്ങളുടെ വീട്ടിൽ എല്ലാ പ്രവർത്തിയും അതാതിന്റെ സമയത്ത് നടക്കുമായിരുന്നു. ജനങ്ങളെ ആദരിച്ചിരുന്ന ആളായിരുന്നു. കുട്ടികളോട് അങ്ങേയറ്റം സ്നേഹമുണ്ടായിരുന്നു. എപ്പോഴും തന്റെ മരുമകനോട് പറയാറുള്ളത് ഇബാദത്തിൽ ലഭിക്കേണ്ടത് എനിക്ക് ലഭിക്കുന്നില്ല; എന്തെങ്കിലും കുറവുണ്ടാകും.

ശഹീദ് കുറച്ച് ദിവസം മുമ്പ് സ്വപ്നം കാണുകയുണ്ടായി. താൻ പാലത്തിലൂടെ നടക്കുകയാണ്. ഏഴെട്ട് ചുവട് എടുത്ത് വെച്ചപ്പോൾ നടത്തം നിന്നുപോയി. ജീവൻ കുറച്ചുദിവസത്തേക്ക് മാത്രമേയുള്ളൂ എന്ന് സ്വയം ഇതിനെ വ്യാഖ്യാനിക്കുകയും ചെയ്തു. അല്ലാഹു ഇദ്ദേഹത്തിന് ഉന്നതസ്ഥാനമാണ് നൽകിയിട്ടുള്ളത്.

ശഹീദിന്റെ മക്കൾ പറഞ്ഞത്; ആരെങ്കിലും ശഹീദാകുമ്പോൾ നമ്മളും ശഹീദാകുന്ന അവസരമുണ്ടാകുമോ എന്ന് പറയാറുണ്ട്. ഇദ്ദേഹത്തിന്റെ അമ്മാവൻ ശഹീദായപ്പോൾ പറഞ്ഞത് അദ്ദേഹത്തിന് ഏറ്റ വെടി എനിക്ക് കൊണ്ടിരുന്നുവെങ്കിൽ എത്ര നന്നായേനെ എന്നാണ്. ഇദ്ദേഹം കല്യാണത്തിനു മുമ്പ് ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ അദ്ദേഹം കാണുകയാണ്. അദ്ദേഹം വീട്ടിന്റെ വരാന്തയിൽ നിൽക്കുന്നതായി, മസീഹ് മൗഊദ് عليه السلام മുകൾ ഭാഗത്ത് നിന്ന് തന്നെ നോക്കിക്കൊണ്ടിരിക്കുന്നു. താൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ നോക്കിക്കൊണ്ട് പറഞ്ഞു, ഇത് ഹുസൂറാണല്ലൊ എന്ന്. കഅ്ബയും സ്വപ്നത്തിൽ കണ്ടിരുന്നു.

ശഹീദാകുന്നതിന് കുറച്ച് ദിവസം മുമ്പ് വെളുത്ത ചോറ് കഴിക്കുന്നതായി മറ്റൊരു സ്വപ്നം കാണുകയുണ്ടായി. സ്വപ്നവ്യാഖ്യാതാക്കൾ ഇതിന്റെ വ്യാഖ്യാനമായി പറയുന്നത്; ആ വ്യക്തിയുടെ ആഗ്രഹം പൂർത്തിയാകുക, പദവി ഉന്നതമായിത്തീരുക എന്നതാണ്. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

മുനവ്വർ അഹ്മദ് ഖാൻ ശഹീദ്, സാഹി ജില്ലാ നാറോവായിലെ നിവാസിയാണ്. ഇർഫാനുല്ലാ സാഹിബ് നാറോവാല ഇദ്ദേഹത്തിന്റെ അമ്മാവനായിരുന്നു. ബിസിനസ്സാണ് ജോലി. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 61 ആയിരുന്നു. ദാറുദ്ദിക്റിൽ വെച്ച് ശഹീദാക്കപ്പെട്ടു.

ധനപരമായ പദ്ധതികളിൽ അങ്ങേയറ്റം പങ്കാളിയാകാറുണ്ട്. തന്റെ ചന്ദ കൃത്യനിഷ്ഠയോടുകൂടി കൊടുക്കാറുണ്ടായിരുന്നു. തർബ്ബിയ്യത്ത് ക്ലാസിൽ പങ്കെടുക്കാൻ കുട്ടികളെ പ്രേരിപ്പിക്കാറുണ്ടായിരുന്നു. സാത്വികനായിരുന്നു. അല്ലാഹുവുമായി പ്രത്യേക ബന്ധമുള്ള ആളായിരുന്നു. തനിക്ക് എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ മക്കളെ അഹ്മദിയ്യത്തും ഖിലാഫത്തുമായി ബന്ധപ്പെടുത്തണമെന്ന് എപ്പോഴും പറയുമായിരുന്നു എന്ന് അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ആഗ്രഹവും ദുആയും മക്കളിൽ പൂർത്തിയാക്കുമാറാകട്ടെ.

ഇർഫാൻ അഹ്മദ് നാസിർ സാഹിബ് ശഹീദ്. ഇദ്ദേഹം അബ്ദുൽ മാലിക് സാഹിബിന്റെ മകനായിരുന്നു. മർഹൂമിന്റെ പിതാമഹൻ 1934 ൽ ബൈഅത്ത് ചെയ്തു. നാറോവാല നിവാസിയാണ്. ഇദ്ദേഹത്തിന്റെ ഉമ്മാമയുടെ ഉമ്മ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ മകൾ അമതുൽ ഖയ്യും സാഹിബയുടെ വളർത്തുമ്മയായിരുന്നു. ശഹീദിന്റെ പിതാവ് അബ്ദുൽ മലിക് സാഹിബ് ലാഹോറിലെ അൽഫസലിന്റെ പ്രതിനിധിയായിരുന്നു. സെക്രട്ടറി തഅ്ലീമുൽ ഖുർആൻ, സെക്രട്ടറി വസായ എന്നീ നിലയിൽ സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. ശഹാദത്ത് സമയത്ത് ശഹീദിന്റെ പ്രായം 31 ആയിരുന്നു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സെക്രട്ടറി ഇശാഅത്ത് ആയി സേവനമനുഷ്ഠിച്ചു. ദാറുദ്ദിക്റിൽ വെച്ച് ശഹീദായി.

ഇദ്ദേഹത്തിന്റെ സഹോദരൻ പറയുന്നു. സാധാരണ, ശഹീദിന്റെ ഡ്യൂട്ടി ട്രാഫിക് കൺട്രോളിൽ ആണ് ഉണ്ടാകുക. ആ നിലയിൽ ഏറ്റവും ആദ്യം ശഹീദായത് ഇദ്ദേഹമായിരിക്കും. സാധ്യതയും ഇതു തന്നെയാണ്. മൂസിയായിരുന്നു. അനുസരണ ശീലം വളരെയധികം ഉണ്ടായിരുന്നു. ഒരു പ്രവൃത്തിയും ഒരിക്കലും നിഷേധിച്ചിട്ടില്ല. അങ്ങേയറ്റം സേവനം ചെയ്യുന്ന ആളായിരുന്നു. പ്രദേശത്ത് ജനസേവകൻ എന്ന നിലയിൽ പ്രസിദ്ധനാണ്.

സജ്ജാദ് അസ്വാർ സാഹിബ് ശഹീദ്. ഇദ്ദേഹം അല്ലായാർ സാഹിബിന്റെ മകനായിരുന്നു. ഇദ്ദേഹം മുഹമ്മദ് അസ്ലം സാഹിബ് ശഹീദിന്റെ മരുമകനാണ്. ജംങ് നിവാസിയാണ്. റെയിൽവെ ക്ലെർക്കിന്റെ പോസ്റ്റിൽ ജോലി ചെയ്തു വരുകയായിരുന്നു. ശഹാ

ദത്ത് സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 30 ആയിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവ പ്രവർത്തകനായിരുന്നു. പല വകുപ്പുകളിലും സേവനം ചെയ്യാനുള്ള അവസരം ലഭിച്ചു. ദാറുദ്ദിക്റിൽ വെച്ച് ശഹീദാക്കപ്പെട്ടു. മൂസിയായിരുന്നു. എപ്പോഴും ജമാഅത്തിന് സേവനം ചെയ്യാനുള്ള അവസരം പാർത്തുകൊണ്ടിരുന്നു. എല്ലാ ശബ്ദത്തിനും ലബൈക്ക് പറയുന്ന ആളായിരുന്നു. അങ്ങേയറ്റം മുഖ്‌ലിസായ അഹ്മദിയ്യായിരുന്നു. സംഭവദിവസം മുഅ്തമിം സാഹിബിന് അവസ്ഥയെക്കുറിച്ച് വിവരം കൊടുത്തുകൊണ്ടിരുന്നു. അവസാനം ശഹീദായി.

ഒരു ഖാദിം പറയുകയാണ്. സജാദ് സാഹിബ് പറഞ്ഞു; എനിക്ക് ഇന്നിവിടെ ഡ്യൂട്ടി തരണം. ഇന്നിവിടെ എന്റെ അവസാനത്തെ ജുമുഅയാണ്. ഇതിനുശേഷം ഞാൻ ഗ്രാമത്തിലേക്ക് പോകുന്നതാണ്. അങ്ങനെ ദാറുദ്ദിക്റിൽ ഡ്യൂട്ടി കൊടുക്കുകയായിരുന്നു. ഡ്യൂട്ടി ചെയ്യുന്നതിനിടയിൽ ശഹീദാക്കപ്പെട്ടു. ഗ്രാമത്തിലേക്ക് പോയില്ല. എന്നാൽ അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്ന സ്ഥലത്തേക്ക് അല്ലാഹു കൊണ്ടുപോയി.

അങ്ങേയറ്റം സേവനം ചെയ്യുന്ന ആളായിരുന്നു. തന്റെ ജോലി സമയം കഴിഞ്ഞാൽ നേരെ ജമാഅത്തിലെ ഓഫീസിൽ വരും എന്നിട്ട് രാത്രി 11, 12 മണിവരെ അവിടെ ജമാഅത്തിന്റെ ജോലി ചെയ്തുകൊണ്ടിരിക്കും. ഇദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. ഒരാഴ്ച മുമ്പ് സ്വപ്നത്തിൽ കാണുകയുണ്ടായി. മുറിവേറ്റ നിലയിൽ വീട്ടിൽ വന്നിരിക്കുന്നു. എന്നിട്ട് പറഞ്ഞു. എന്റെ വയറ്റിൽ കഠിനമായ വേദനയുണ്ട്. ഞാൻ വസ്ത്രം മാറ്റി നോക്കിയപ്പോൾ രക്തം ഒഴുകുന്നുണ്ടായിരുന്നു. ശഹീദിന്റെ വയറ്റിലാണ് വെടികൊണ്ടത്. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

മസൂദ് അഹ്മദ് അഖ്തർ ബാജ്‌വാ സാഹിബ് ഇദ്ദേഹം മുഹമ്മദിബ്നു ഹയാത് ബാജ്‌വാ സാഹിബിന്റെ മകനായിരുന്നു. ശഹീദിന്റെ പിതാവ് ബാഗൻ നഗർ നിവാസിയാണ്. ആദ്യം സിയാൽകോട്ടിലാണ് താമസിച്ചത്. ഇദ്ദേഹത്തിന്റെ പിതാവാണ് കുടുംബത്തിൽ ആദ്യമായി അഹ്മദിയ്യത്ത് സ്വീകരിച്ചത്. ഇദ്ദേഹം മൗലവി അബ്ദുല്ല ബാജ്‌വാ സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. ഇദ്ദേഹത്തിന്റെ ഒരു സഹോദരൻ ചക്കിലെ ജമാഅത്ത് സദറാണ്. ബഹാവൽ നഗറിൽ വിദ്യ അഭ്യസിച്ചു. ലാഹോറിൽ പഠിച്ചു. 1975 മുതൽ 2000 വരെ ജോലിയാവശ്യാർത്ഥം കോയ്ട്ടയിൽ താമസിച്ചു. അവിടെനിന്നാണ് റിട്ടയറായത്. 2001 ൽ ലാഹോറിലേക്ക് താമസം മാറി. മജ്‌ലിസ് അൻസാറുല്ലായുടെ പ്രവർത്തകനായിരുന്നു. സഔം അൻസാറുല്ലാ, ഇസ്‌ലാഹോ ഇർശാദ് സെക്രട്ടറിയുടെ സഹായി എന്ന നിലയിലും ദാറുദ്ദിക്ർ ഹൽഖയുടെ സെക്രട്ടറി തഅലീമുൽ ഖുർആൻ എന്ന് നിലയിലും സേവനമനുഷ്ഠിച്ചു. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 72 ആയിരുന്നു. ദാറുദ്ദിക്റിൽ വെച്ച് ശഹീദാക്കപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു.

ഇദ്ദേഹത്തിന്റെ മകൻ ഡോ.ഹാമിദ് സാഹിബ് പറയുന്നു. ഡോക്ടർ സാഹിബ് അമേരിക്കയിലാണ്. ഡോ. സാഹിബ് പറയുകയാണ്. ഞാൻ ഗ്രീൻ കാർഡിനുവേണ്ടി അപേക്ഷിക്കേണ്ടതാണ്. പക്ഷെ ചില കാരണങ്ങളാൽ അപേക്ഷിക്കാൻ സാധിച്ചില്ല. പിതാവ് 1000 ഡോളർ അയച്ചുതന്നുകൊണ്ട് പറഞ്ഞു. ഉടനെ ഗ്രീൻ കാർഡിനുവേണ്ടി അപേക്ഷിക്കുക. പെട്ടെന്ന് പാക്കിസ്ഥാനിൽ വരാൻ ശ്രമിക്കുക. അങ്ങനെ അപേക്ഷിച്ചു. പെട്ടെന്ന് ഗ്രീൻ കാർഡ് ലഭിച്ചു. സാധാരണ 6 മാസം പിടിക്കുമെന്നാണ് പറയപ്പെടാറുള്ളത്. അങ്ങനെ പിതാവിന്റെ ശഹാദത്തിൽ പാക്കിസ്ഥാനിൽ വരാൻ സാധിക്കുകയും ജനാസയിൽ പങ്കെടുക്കുകയും ചെയ്തു. ശഹീദിനെക്കുറിച്ച് മനസ്സിലാക്കാൻ സാധിച്ചത് മുറിവിൽ നിന്ന് രക്തം ഒഴുകിക്കൊണ്ടിരിക്കുകയായിരുന്നു. അടുത്ത് മഹ്മൂദ് അഹ്മദ് സാഹിബിനോട് പറഞ്ഞു. ഞാൻ പോകുകയാണ് എന്റെ കുട്ടികളെ ശ്രദ്ധിക്കണം. അദ്ദേഹം തന്നെ തുണിയെടുത്ത് തന്റെ മുറിവ് കെട്ടി ഒരു യുവാവിനെ രക്ഷപ്പെടുത്താൻ ശ്രമിച്ചു. അപ്പോൾ വെടികൊണ്ടു. സ്വയം സ്വലാത്ത് ചൊല്ലി ക്കൊണ്ടിരിക്കുകയും അടുത്തുള്ളവരെ സ്വലാത്ത് ചൊല്ലാൻ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു; എല്ലാവരോടും നിഷ്കളങ്കമായ നിലയിൽ ബന്ധപ്പെടാറുണ്ടായിരുന്നു. വളരെയധികം തമാശ പറയുന്ന ആളായിരുന്നു. എല്ലാവരോടും തമാശ പറയുമായിരുന്നു. എന്റെ മകൻ മുറബ്ബിയാകണമെന്നായിരുന്നു ശഹീദിന്റെ ആഗ്രഹം. മകൻ റബ്‌വയിലെ ജാമിയ അഹ്മദിയ്യയിൽ അഞ്ചാം വർഷം പഠിക്കുകയാണ്. ചെറിയ വീടായിരുന്നു. എന്നിരുന്നാലും വളരെ സന്തോഷവാനായിരുന്നു.എന്റെ ഖുത്വുബ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ വളരെയധികം ശ്രദ്ധിച്ചിരുന്നു. അതേപോലെ കേന്ദ്രത്തിലെ പ്രതിനിധികൾ തന്റെ വീട്ടിൽ വന്ന് താമസിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. കുട്ടികളെ സംബന്ധിച്ചുള്ള ഇദ്ദേഹത്തിന്റെ ആഗ്രഹം, പ്രത്യേകിച്ച് ജീവിതം വഖ്ഫ് ചെയ്തിട്ടുള്ള കുട്ടിയെ സംബന്ധിച്ചുള്ള ഇദ്ദേഹത്തിന്റെ ആഗ്രഹം അല്ലാഹു പൂർത്തിയാക്കിക്കൊടുക്കുമാറാകട്ടെ. വഖ്ഫ് ചെയ്ത കുട്ടിക്ക് തന്റെ വഖ്ഫ് പൂർത്തിയാക്കാനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ആസിഫ് ഫാറൂഖ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം ലിയാക്കത്തലി സാഹിബിന്റെ മകനായിരുന്നു. ആസിഫ് ഫാറൂഖ് സാഹിബിന്റെ പിതാവ് 1995 ലാണ് ബൈഅത്ത് ചെയ്തത്. 1994 ൽ ഇദ്ദേഹത്തെ മുബശ്ശിർ ആലം സാഹിബിന്റെ അടുത്തേക്ക് കൊണ്ടുപോയി. അദ്ദേഹം പറഞ്ഞു എന്തെങ്കിലും ചോദിക്കണമെങ്കിൽ ചോദിക്കാം. ഒന്നും ചോദിക്കാനില്ല; ബൈഅത്ത് ചെയ്യാനാണ് ആഗ്രഹിക്കുന്നു എന്ന് പറഞ്ഞു. ഇതാണ് സത്യസന്ധന്മാരുടെ പ്രതികരണം. കാര്യം മനസ്സിലാക്കിയാൽ ഒരു ചോദ്യവും ഉണ്ടാവുകയില്ല. ഇദ്ദേഹം ബൈഅത്ത് ചെയ്തു. ഇദ്ദേഹത്തിനു ശേഷം കുടുംബം മുഴുവനും ബൈഅത്ത് ചെയ്തു. ശഹാദത്ത് സമയത്ത് ആസിഫ് സാഹിബിന്റെ പ്രായം 30 ആയിരുന്നു.

ഖുദ്ദാമുൽ അഹ്മദിയ്യായുടെയും ലാഹോറിലെ എം.ടി.എയുടെയും സജീവ പ്രവർത്തകനായിരുന്നു. റിക്കാർഡിംഗിൽ സേവനം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. മൂസിയായിരുന്നു. ദാറുദ്ദിക്റിൽ ശഹീദാവുകയുണ്ടായി. തീവ്രവാദികൾ മുഖേന ശഹീദാക്കപ്പെട്ട എല്ലാവരും എം.ടി.എയിൽ റിക്കാർഡ് ചെയ്യാൻ പുറപ്പെട്ടതായിരുന്നു. ഈ ആവശ്യത്തിനായി മുകളിൽ നിന്ന് താഴെ ഇറങ്ങുകയായിരുന്നു. തീവ്രവാദികളുടെ വെടിയേൽക്കുകയുണ്ടായി.

മൂന്നു വർഷം തുടർച്ചയായി ദാറുദ്ദിക്റിൽ താമസിച്ചുകൊണ്ട് ജോലി ചെയ്തു. ശഹീദാവുന്നതിന് ഒരു ദിവസം മുമ്പ് തന്റെ ജോലിയിൽ നിന്ന് ലീവെടുത്തു. ജുമുഅക്ക് വേണ്ടി വീട്ടിൽ വന്നു, പറഞ്ഞു. താൻ തന്റെ എല്ലാ ജോലിയും ചെയ്തു തീർത്തു. എന്റെ ജീവിതവും മരണവും ഈ ദാറുദ്ദിക്റിലാണെന്ന് പറയാറുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവും പിതാവും സഹോദരനും പറഞ്ഞത് ശഹാദത്ത് നമുക്കൊരു ബഹുമതിയാണ്. ഈ രക്തം ജമാഅത്തിന്റെ പുരോഗതിക്ക് കാരണമാകട്ടെ. ശഹീദ് വളരെയധികം ദയ കാണിക്കുന്ന ആളും സാത്വികനായിരുന്നു. ഇദ്ദേഹത്തിന് മൂന്ന് സങ്കേതമാണുള്ളത്. ഒന്ന് ഓഫീസ്, ദാറുദ്ദിക്ർ. അതു കഴിഞ്ഞാൽ വീട്. ഒരിക്കലും ദേഷ്യം വരാറില്ലായിരുന്നു. ഇതിനെക്കുറിച്ച് മാതാവ് ചോദിച്ചപ്പോൾ ഞങ്ങളെപ്പോലെ ജോലി ചെയ്യുന്നവർക്ക് കോപം വരാൻ പാടുള്ളതല്ല എന്ന് പറഞ്ഞു.

ഇദ്ദേഹത്തിന്റെ പിതാവ് പറയുന്നു, കുറച്ച് വർഷം മുമ്പ് ഞാൻ സ്വപ്നം കണ്ടു. ആരോ എന്റെ ഹൃദയത്തിൽ വെടി വെച്ചു എന്ന്. ഇതിന്റെ വ്യാഖ്യാനം ഞാൻ ശഹീദാക്കപ്പെടുന്നതാണെന്ന് മനസ്സിലായി. പക്ഷേ എന്റെ മകൻ ശഹീദായപ്പോൾ ഇതിന്റെ വ്യാഖ്യാനം ഇതാണെന്ന് മനസ്സിലായി. ഇദ്ദേഹം ശഹീദായതിന് കുറച്ച് ദിവസത്തിനു ശേഷം അതായത് ജൂൺ 5-ാം തീയ്യതി ഇദ്ദേഹത്തിന്റെ രണ്ടാമത്തെ കുട്ടി ജനിക്കുകയുണ്ടായി. അല്ലാഹു ഇദ്ദേഹത്തിന്റെ സന്താനങ്ങളെ സാത്വികരാക്കുകയും ദീനിന് സേവനം ചെയ്യുന്നവരാക്കി മാറ്റുകയും ചെയ്യുമാറാകട്ടെ.

ശൈഖ് ശമീം അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം നഈം അഹ്മദ് സാഹിബിന്റെ മകനായിരുന്നു. ശഹീദ് ശൈഖ് മുഹമ്മദ് ഹുസൈൻ സാഹിബ് (റ) ന്റെ പൗത്രനും കരീം ബഖ്ശ് സാഹിബ് (റ)ന്റെ പ്രപൗത്രനുമായിരുന്നു. ശഹീദ് സാഹിബിന്റെ പിതാമഹൻ ശൈഖ് മുഹമ്മദ് ഹുസൈൻ സാഹിബ് സുൽത്താൻപൂർ ഹൽഖയുടെ പ്രസിഡന്റായി 40 വർഷം സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ കാലത്താണ് അവിടെ പള്ളി നിർമ്മിച്ചത്.

ശഹീദ് തന്റെ മാതാപിതാക്കളുടെ ഏക മകനായിരുന്നു. വീട്ടിലെ കാര്യങ്ങൾ ഇദ്ദേഹമാണ് നോക്കിക്കൊണ്ടിരുന്നത്. ശഹാദത്തിന്റെ സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 28 വയസ്സായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവ പ്രവർത്തകനായിരുന്നു. അൽതാഫ് ഹൽഖയുടെ എഡിറ്ററായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. ദാറുദ്ദിക്റിലാണ് ഇദ്ദേഹത്തെ ശഹീദാക്കിയത്.

സാമ്പത്തിക ത്യാഗത്തിൽ മുമ്പന്തിയിലായിരുന്നു. ഉന്നത സ്വഭാവഗുണമുള്ള ആളുമായിരുന്നു. എപ്പോഴും സ്നേഹത്തോടുകൂടിയാണ് പെരുമാറിയിരുന്നത്. എല്ലാ പ്രവൃത്തികളും വളരെ ശ്രദ്ധയോടുകൂടിയാണ് ചെയ്തിരുന്നത്. ഓഫീസിലുള്ള അനഹ്മദീ സുഹൃത്തുക്കൾ അനുശോചനം രേഖപ്പെടുത്താൻ വന്നപ്പോൾ അവർ പറഞ്ഞത് എപ്പോഴും ചിരിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്ന ആളായിരുന്നു എന്നാണ്. മാതാവ് രോഗിയായിരുന്നു. മുഴുവൻ രാത്രിയും ഉണർന്നുകൊണ്ട് മാതാവിനെ ശുശ്രൂഷിക്കുകയുണ്ടായി. പിതാവും രോഗിയായപ്പോൾ മുഴുവൻ രാത്രിയും ഉണർന്ന് പിതാവിനേയും ശുശ്രൂഷിച്ചു. വീടിന്റെ പുറത്ത് ഗേറ്റിൽ കലിമ ത്വയ്യിബ എഴുതി വെച്ചു. പള്ളിയിൽ നിന്ന് 2 മണിക്ക് തന്റെ അമ്മാവന് ഫോൺ ചെയ്യുകയും ഈ സംഭവത്തെക്കുറിച്ച് വിവരിക്കുകയും ചെയ്തു. ജനങ്ങൾ പിന്നീട് പറഞ്ഞത് ശഹീദ് അമീർ സാഹിബിന്റെ മുന്നിൽ നിന്നുകൊണ്ട് ഡ്യൂട്ടി കൊടുത്തുകൊണ്ടിരുന്നു. ഇദ്ദേഹത്തോട് തീവ്രവാദികൾ ചോദിച്ചു. വീട്ടിൽ ആരൊക്കെയുണ്ട്. ഭാര്യയും മക്കളും പിന്നെ അല്ലാഹുവും എന്നു പറഞ്ഞു. അപ്പോൾ തീവ്രവാദി; എന്നാൽ ശരി നീ നിന്റെ അല്ലാഹുവിന്റെ അടുത്തേക്ക് പൊയ്ക്കൊള്ളുക എന്ന് പറഞ്ഞ് വെടിവെച്ചു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

ഇദ്ദേഹത്തിന്റെ മാതാവ് പറയുന്നു. എന്റെ മകൻ വളരെയധികം സ്നേഹിക്കുന്നവനാണ്. എന്നെ നല്ല നിലയിൽ ശ്രദ്ധിക്കാറുമുണ്ട്. പല നല്ല ഗുണങ്ങളുടെയും ഉടമസ്ഥനായിരുന്നു. എല്ലാവരേയും സഹായിക്കാറുമുണ്ട്. ഇദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. എന്റെ ഭർതൃപിതാവ് പറയാറുള്ളത് എന്റെ മക്കൾ മരിച്ചുകൊണ്ടിരുന്നു എനിക്ക് മക്കളെ എന്തുകൊണ്ട് തരുന്നില്ല എന്നുള്ള ആക്ഷേപം അല്ലാഹുവിനോട് ഉണ്ടായി. അപ്പോൾ അൽഫസലിൽ ഒരു സ്ത്രീയുടെ കത്ത് അദ്ദേഹം കണ്ടു. അതിൽ ആ സ്ത്രീ എഴുതിയത് അല്ലാഹുവേ എനിക്ക് നീ കുട്ടികളെ തരികയാണെങ്കിൽ ഞാൻ തഹ്‌രീക് ജദീദിൽ ചന്ദ കൊടുക്കുന്നതാണ്. ഈ സംഭവം അദ്ദേഹം വായിച്ചപ്പോൾ ഇന്ന് മുതൽ ഞാൻ തഹ്‌രീക് ജദീദിന്റെയും വഖ്ഫ് ജദീദിന്റെയും ചന്ദ നൽകാം എന്ന് വാഗ്ദാനം ചെയ്യുകയും എനിക്ക് സന്താനങ്ങളെ നൽകേണമേ എന്ന് ദുആ ചെയ്യുകയും ചെയ്തു. അതിലാണ് എന്റെ ഭർത്താവ് ജനിച്ചത്. ഇദ്ദേഹത്തിന്റെ ജനനം ചന്ദയുടെ ഫലമായിരുന്നുവെന്നും ഭാര്യ പറഞ്ഞു. കുറച്ചുദിവസം മുമ്പ് ശഹീദ് തന്റെയൊരു സ്വപ്നം കേൾപ്പിച്ചു. അതായത് സ്വപ്നത്തിൽ തന്റെ കുട്ടികളെ എനിക്ക് നൽകുക എന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ പറയുന്നു; ഇദ്ദേഹത്തിന്റെ മക്കൾ വഖ്ഫെ നൗവിൽ ഉൾപ്പെട്ടവരാണ്. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

മുഹമ്മദ് ശാഹിദ് സാഹിബ് ശഹീദ്. ഇദ്ദേഹം ശഫി സാഹിബിന്റെ മകനായിരുന്നു. ശഹീദിന്റെ പിതാമഹൻ 1935 ൽ ബൈഅത്ത് ചെയ്തു. കശ്മീരിലാണ് താമസം. ശഹാദത്തിന്റെ സമയത്ത് മുഹമ്മദ് ശാഹിദ് സാഹിബിന്റെ പ്രായം 28 ആയിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവ പ്രവർത്തകനായിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ഇദ്ദേഹത്തെ ശഹീദാക്കിയത്.

ശഹാദത്തിന് മുമ്പായി സുഹൃത്തുക്കൾക്കും പിതാവിനും ഫോൺ ചെയ്തുകൊണ്ട് പറഞ്ഞു, ഞാൻ തീവ്രവാദികളെ പിടിക്കാൻ ശ്രമിക്കുന്നതാണ്. മുഖത്ത് നഖം കൊണ്ട അടയാളമുണ്ട്. മൽപ്പിടുത്തം നടന്നു എന്നു തോന്നുന്നു. ശഹീദാകുന്നതിന് കുറച്ച് ദിവസം മുമ്പ് സുഹൃത്തുക്കളോട് പറഞ്ഞു. ഞാനുമായി എന്തെങ്കിലും ഇടപാടുണ്ടെങ്കിൽ അത് പൂർത്തിയാക്കുക, അവസാനമായി തന്റെ സഹോദരനോടാണ് സംസാരിച്ചത്, വളരെ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. ഉമ്മയോട് ഇതിനെസംബന്ധിച്ച് പറയേണ്ടതില്ല. അവർക്ക് അങ്ങേയറ്റം വേദനയുണ്ടാക്കും. നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിച്ച ആളായിരുന്നു. ജുമുഅക്ക് മുമ്പ് സദക്ക കൊടുക്കുന്ന ശീലമുണ്ടായിരുന്നു. ശഹാദത്താകുന്ന ദിവസവും സദക്ക കൊടുത്ത 50 രൂപയുടെ രസീറ്റ് അദ്ദേഹത്തിന്റെ കീശയിൽ നിന്ന് ലഭിക്കുകയുണ്ടായി.

പ്രദേശവാസികൾ പറഞ്ഞു, എപ്പോഴും കുനിഞ്ഞുകൊണ്ടാണ്

സലാം പറയാറുള്ളത്. രണ്ട് സഹോദരന്മാർ ചേർന്നുകൊണ്ടാണ് കച്ചവടം നടത്തിയിരുന്നത്. ജുമുഅ ദിവസം അനുജൻ പറഞ്ഞു. ഇന്ന് ജുമുഅക്ക് പോകാൻ എനിക്ക് അനുവാദം നൽകുക. അപ്പോൾ ജ്യേഷ്ഠൻ പറഞ്ഞു ഈ പ്രാവശ്യം എന്നെ പോകാൻ അനുവദിക്കുക, അടുത്ത പ്രാവശ്യം നീ പൊയ്ക്കൊള്ളുക. കല്ല്യാണം കഴിച്ചിട്ടില്ല. മാതാവ് കല്ല്യാണം കഴിക്കാൻ പറഞ്ഞാൽ ആദ്യം സഹോദരിയുടെ കല്ല്യാണം നടക്കട്ടെ എന്നു പറയും. അല്ലാഹു ഇദ്ദേഹത്തെ തന്റെ അനുഗ്രഹത്തിന്റേയും മഗ്ഫിറത്തിന്റെയും പുതപ്പിൽ പുതപ്പിക്കുമാറാകട്ടെ.

പ്രൊഫസർ അബ്ദുൽ വദൂദ് സാഹിബ് ശഹീദ്, ഇദ്ദേഹം അബ്ദുൽ മജീദ് സാഹിബിന്റെ മകനായിരുന്നു. ശൈഖ് അബ്ദുൽ ഹമീദ് ശിംലവി (റ)ന്റെ ഹദ്റത്ത് മസീഹ് മൗഊദ് ﷺ ന്റെ സഹാബിയുടെ പൗത്രനുമായിരുന്നു. ജില്ലാ ലാഹോറിലെ ഗവൺമെന്റ് കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്നു. ജമാഅത്തിയായ പ്രവർത്തനങ്ങളിൽ വളരെ സജീവനായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ലജ്നാ ഇമാഇല്ലായുടെ സദറാണ്. ഖിലാഫത്ത് ജൂബിലി വേളയിൽ വീട്ടിൽ വലിയൊരു ജലസ സംഘടിപ്പിച്ചു. വലിയ ഔദാര്യവാനായിരുന്നു. എല്ലാവരോടും നല്ല നിലയിൽ പെരുമാറിയിരുന്നു. ഇതിനുമുമ്പ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജയിലിൽ കഴിഞ്ഞിരുന്നു. ഈ കേസ് 7 വർഷം വരെ നീണ്ടു നിന്നു. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ വയസ്സ് 55 ആയിരുന്നു. ഇംഗ്ലീഷ് പ്രൊഫസറായിരുന്നു. എൽ.എൽ.ബി യും എടുത്തിട്ടുണ്ട്. അബ്ദുൽ വദൂദ് സാഹിബ് മജ്‌ലിസ് അൻസാറുല്ലായുടെ മുഖ്ലിസായ ഒരു മെമ്പറായിരുന്നു. ലാഹോറിലെ നാഇബ് നാസിം അൻസാറുല്ല ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഖുദ്ദാം ആയ സമയത്തും വളരെയധികം സേവനം ചെയ്ത വ്യക്തിയായിരുന്നു. കുറച്ചുകാലം മുസഫ്ഫറാബാദ് ഹൽഖയുടെ സദറുമായിരുന്നു. മൂസിയായിരുന്നു. ഇദ്ദേഹത്തെ ദാറുദ്ദിക്റിൽ വെച്ചാണ് ശഹീദാക്കിയത്.

പ്രൊഫസർ സാഹിബ് തീവ്രവാദികളുടെ ഫയറിംഗ് അവസരത്തിൽ പള്ളിയിൽ നിന്ന് നടന്ന് പോകുകയായിരുന്നു. തീവ്രവാദികൾ വെടിവെച്ചു, അങ്ങനെ ശഹീദായി. ഇദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. വളരെയധികം സ്നേഹിക്കുന്ന വ്യക്തിയായിരുന്നു. മൃദുലസ്വഭാവക്കാരനായിരുന്നു. കല്ല്യാണം കഴിച്ചിട്ട് 23 വർഷമായി. ഒരിക്കലും എന്നോട് കഠിനമായി പെരുമാറിയിരുന്നില്ല. കുട്ടികളോട് രണ്ട് കാര്യത്തിലാണ് കഠിനമായി പെരുമാറിയിരുന്നത്. ഒന്ന് നമസ്കാരത്തിന്റെ കാര്യത്തിലും മറ്റൊന്ന് വീട്ടിൽ നടക്കുന്ന തർജ്ജമാനുൽ ഖുർആന്റെ ക്ലാസിന്റെ കാര്യത്തിലും. ഈ ഖുർആൻ ക്ലാസ് മുഖേന കുട്ടികൾ 17 ജുസ്അ് പഠിച്ചു. എപ്പോഴും വീട്ടിൽ ഖുർആന്റെ ദർസും നടക്കാറുണ്ടായിരുന്നു. ജോലി ചെയ്യാനുള്ള ആവേശം വളരെയധികമായിരുന്നു. ജ്യേഷ്ഠൻ പറയുന്നു. സഹോദരന്മാരോട് സുഹൃത്തുക്കളെന്ന നിലയിലാണ് പെരുമാറിയിരുന്നത്. വീട്ടിൽ എന്തെങ്കിലും പ്രശ്നം വന്നാൽ പ്രൊഫസർ സാഹിബിന്റെ തീരുമാനത്തിൽ എല്ലാവരും തൃപ്തരാകും. അനുജന്റെ വീട് പണി നടക്കുകയായിരുന്നു. എല്ലാ സഹോദരന്മാരും ചേർന്ന് ഒരു സംഖ്യ അനുജന് കൊടുക്കാമെന്ന് തീരുമാനിച്ചു. പ്രൊഫസർ സാഹിബ് തന്റെ വിഹിതം ആദ്യം നൽകുകയുണ്ടായി. ആരെയെങ്കിലും സഹായിക്കണമെന്നുണ്ടെങ്കിൽ തന്നോട് ചോദിക്കേണ്ടതാണ് എന്ന് എപ്പോഴും പറയുമായിരുന്നു. അല്ലാഹുതആല ഇദ്ദേഹത്തിന്റെ നന്മ ഇദ്ദേഹത്തിന്റെ മക്കളിലും നിലനിർത്തുമാറാകട്ടെ.

വലീദ് അഹ്മദ് സാഹിബ് ശഹീദ്. ഇദ്ദേഹം മുനവ്വർ അഹ്മദ് സാഹിബിന്റെ മകനായിരുന്നു. വലീദ് സാഹിബിന്റെ പിതാമഹൻ അബ്ദുൽ ഹമീദ് സാഹിബ് 1952 ൽ ബൈഅത്ത് ചെയ്തു. 1954 ൽ അബ്ദുൽ ഹമീദ് സാഹിബ് ശഹീദായി. വലീദ് സാഹിബിന്റെ ഉമ്മയുടെ പിതാവ് ചൗധരി അബ്ദുൽ റസാഖ് സാഹിബ് 1975 ൽ ശഹീദാക്കപ്പെടുകയുണ്ടായി. വലീദ് സാഹിബിന്റെ പിതാവ് സദർ ഉമ്മൂമി ഓഫീസിന്റെ ജോലിക്കാരനാണ്. വലീദ് സാഹിബ് ശഹീദാകുമ്പോൾ പതിനേഴര വയസ്സ് പ്രായമായിരുന്നു. മെഡിക്കൽ കോളേജിൽ പഠിക്കുകയായിരുന്നു. വഖ്ഫെ നൗവിൽ ഉൾപ്പെട്ടിരുന്നു. മൂസിയുമായിരുന്നു. ദാറുദ്ദിക്റിൽ വെച്ച് ഇദ്ദേഹത്തെ ശഹീദാക്കി.

ലാഹോറിൽ വെച്ച് നടന്ന ശഹാദത്തിൽ ഏറ്റവും കുറഞ്ഞ പ്രായം ഇദ്ദേഹത്തിന്റേതായിരുന്നു. ജുമുഅ ദിവസം കോളേജിൽ നിന്ന് നേരെ ദാറുദ്ദിക്റിൽ വരികയുണ്ടായി. സംഭവം നടന്നപ്പോൾ ഫോൺ മുഖേന ബന്ധപ്പെട്ടു. അപ്പോൾ പറഞ്ഞു എന്റെ കാലിന് വെടികൊണ്ടിരിക്കുന്നു. പല ശഹീദാക്കപ്പെട്ടവരുടേയും ജനാസ എന്റെ മുന്നിൽ കിടക്കുന്നു. ദുആ ചെയ്യുക.അല്ലാഹു ഫള്ൽ ചെയ്യുമാറാകട്ടെ.

എഫ്.എസ്.സി. പാസായി ലാഹോറിൽ അഡ്മിഷൻ കിട്ടി. അവസാനമായി റബ്വയിൽ നിന്ന് ലാഹോറിലേക്ക് വരുമ്പോൾ ഖുദ്ദാമുൽ അഹ്മദിയ്യായിൽ പെട്ട തന്റെ സുഹൃത്തുക്കളെ എല്ലാവരേയും ആലിംഗനം ചെയ്തു. എല്ലാവരോടും പറഞ്ഞു; എന്നെ ആലിംഗനം ചെയ്യുക. ഒരു പക്ഷെ ഞാൻ ശഹീദാവുകയാണെങ്കിലോ. 5 നേരം കൃത്യമായി നമസ്കരിക്കുന്ന ആളായിരുന്നു. അനുസരണശീലമുള്ള ആളുമായിരുന്നു. പള്ളിയിലേക്ക് പോകുമ്പോൾ വഴിയിലുള്ള തന്റെ സുഹൃത്തുക്കളെ പള്ളിയിൽ കൂടെ കൊണ്ടുപോകുമായിരുന്നു. വളരെ കുറച്ചു സംസാരിക്കുന്നവനും ബുദ്ധിമാനുമായിരുന്നു. മൂന്ന് സഹോദരിമാരുടെ ഏക സഹോദരനായിരുന്നു.

ഇദ്ദേഹത്തെക്കുറിച്ച് സെക്രട്ടറി വഖ്ഫെ നൗ പറയുകയാണ്; വലീദ് അഹ്മദിന് 11 വയസ്സ് പ്രായമുള്ളപ്പോൾ വഖ് ഫെനൗ ക്ലാസ് നടക്കുന്നതിനിടയിൽ ഓരോ കുട്ടിയോടും നിങ്ങൾ വലുതായാൽ എന്താകും എന്ന് ചോദിച്ചു. വലീദിന്റെ ഊഴം വന്നപ്പോൾ അവനോടും ചോദിച്ചു. പിതാമഹനെപ്പോലെ താൻ ശഹീദാകാനാണ് ആഗ്രഹിക്കുന്നത് എന്നാണ് അപ്പോൾ പറഞ്ഞത്.

വലീദ് സാഹിബിന് തന്റെ വിദ്യാഭ്യാസസ്ഥാപനത്തിൽ വലിയ പേരും പ്രശസ്തിയും ഉണ്ടായിരുന്നു. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ അധ്യാപകരും കുട്ടികളും ചേർന്ന് ഒരു ദിവസം തന്നെ മൂന്ന് പ്രാവശ്യം അനുശോചന യോഗം സംഘടിപ്പിച്ചു. അതിൽ പങ്കെടുത്ത അധികം ആളുകളും അനഹ്മദികളായിരുന്നു. മർഹൂമിന്റെ അധ്യാപകൻ ഫോൺ മുഖേന അറിയിക്കുന്നു. അധ്യാപകരും കുട്ടികളും ചേർന്ന് റബ്വയിൽ വരാനുള്ള പ്രോഗ്രാമുണ്ടായിരുന്നു.വിദ്യാർത്ഥികൾ ഒന്നടങ്കം പൊട്ടിപ്പൊട്ടിക്കരയുകയായിരുന്നു. ഈ അവസ്ഥയിൽ കൊണ്ടുപോയാൽ റബ്വയിലെത്തി ശഹീദിന്റെ മുഖം കാണുമ്പോൾ നിയന്ത്രിക്കാൻ കഴിയുമൊ എന്ന്

ഭയന്നത് കൊണ്ട്  ഞങ്ങളത് കാൻസൽ ചെയ്തു. പിന്നെയെപ്പോഴെങ്കിലും വരാമെന്ന് പറഞ്ഞു. അല്ലാഹു ഈ ത്യാഗം സ്വീകരിച്ചുകൊണ്ട് ഇത്തരത്തിലുള്ള ആയിരക്കണക്കിന് ലക്ഷക്കണക്കിലുള്ള ആളുകളെ ജമാഅത്തിന് നൽകുമാറാകട്ടെ.

മുഹമ്മദ് അൻവ്വർ സാഹിബ് ശഹീദ്. ഇദ്ദേഹം മുഹമ്മദ് ഖാൻ സാഹിബിന്റെ മകനായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) യുടെ കാലത്താണ് ബൈഅത്ത് ചെയ്തത്. സൈന്യത്തിൽ ചേർന്നു. 10 വർഷത്തിനുശേഷം റിട്ടയറായി. അപ്പോൾ തന്നെ ബൈത്തുന്നൂർ മോഡേൺ ടൗണിൽ സെക്യൂരിറ്റി സെക്രട്ടറി സേവനമനുഷ്ഠിച്ചു. ശഹീദാകുന്നതുവരെ ഈ ഡ്യൂട്ടി വളരെ നല്ല നിലയിൽ നിർവ്വഹിക്കുകയുണ്ടായി. ശഹീദാകുമ്പോൾ ഇദ്ദേഹത്തിന്റെ പ്രായം 45 ആയിരുന്നു. ബൈത്തുന്നൂറിൽ ഡ്യൂട്ടി നിർവ്വഹിക്കുന്നതിന്നിടയിൽ ശഹീദാക്കപ്പെട്ടു. മൂസിയായിരുന്നു. ശഹീദാകുന്ന സമയത്ത് ഗേറ്റിൽ ഡ്യൂട്ടി ചെയ്യുകയായിരുന്നു. തീവ്രവാദികൾ അകത്തേക്ക് വരുമ്പോൾ ഇദ്ദേഹം ഒരു ഖാദിമിനോട് പറഞ്ഞത് വരുന്ന ആൾ അത്ര നല്ല ആളല്ല എന്ന് തോന്നുന്നു. അപ്പോൾ ആ ഖാദിം പറഞ്ഞു. താങ്കൾ വെറുതെ സംശയിക്കുന്നതാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു; ഞാൻ സൈന്യത്തിൽ ജോലി ചെയ്ത ആളാണ്, എനിക്ക് അറിയാൻ കഴിയുമെന്ന്. ആ സമയത്ത് തന്നെ തീവ്രവാദി അടുത്ത് വന്ന് വെടിവെക്കുകയുണ്ടായി.  ഇദ്ദേഹം തീവ്രവാദികളെ നേരിട്ടു.  ഒരു ഖാദിം ഇദ്ദേഹത്തോട് അകത്തേക്ക് വരാൻ പറഞ്ഞു. അപ്പോൾ നിഷേധിച്ചുകൊണ്ട് പറഞ്ഞു. സിംഹത്തിന്റെ ജോലി പിന്നിലേക്ക് പോകലല്ല. ഇദ്ദേഹത്തിന്റെ കയ്യിലുള്ള ആയുധം കൊണ്ട് തിരിച്ചും വെടിവെച്ചു. ഒരു തീവ്രവാദിക്ക് പരുക്ക് പറ്റി. മറ്റൊരു തീവ്രവാദി വന്നുകൊണ്ട് വെടിവെക്കുകയുണ്ടായി. സംഭവസ്ഥലത്തു തന്നെ ശഹീദായി.

സേവനം ചെയ്യാനുള്ള അവസരം ലഭിക്കുമ്പോൾ ഒരിക്കലും പാഴാക്കാറില്ല. പള്ളിയും പള്ളിയുടെ പരിസരവും അതുപോലെ ബാത്റൂമും വൃത്തിയാക്കാറുണ്ടായിരുന്നു. പള്ളി നിർമ്മിക്കുമ്പോൾ 24 മണിക്കൂറും അവിടെത്തന്നെ നിൽക്കുമായിരുന്നു.  മാതാപിതാക്കളെ നല്ല നിലയിൽ ശുശ്രൂഷിക്കുന്ന വ്യക്തിയായിരുന്നു. ആദ്യമേ തഹജ്ജുദ് നമസ്കരിക്കാറുണ്ടായിരുന്നു. എന്നാൽ ഒരു മാസമായി വീഴ്ചകൂടാതെ തുടർച്ചയായി തഹജ്ജുദ് നമസ്കരിക്കാറുണ്ടെന്ന് ഭാര്യ പറയുകയുണ്ടായി. കുട്ടികളോട് നമസ്കരിച്ചോ എന്നും ഖുർആൻ പാരായണം ചെയ്തുവോ എന്നുമാണ് ആദ്യമായി ചോദിക്കാറുള്ളത്. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.

അൻസാറുൽ ഹഖ് സാഹിബ് ശഹീദ്. ഇദ്ദേഹം മലിക് അൻവാർ സാഹിബിന്റെ മകനായിരുന്നു. ഇദ്ദേഹം ഖാദിയാനുമായി ബന്ധമുള്ള ആളാണ്. ഖാദിയാനിലെ ഫയ്സുല്ല എന്ന ഗ്രാമത്തിലാണ് താമസിച്ചിരുന്നത്. പാക്കിസ്ഥാനിലെ ആർമിയിൽ സ്റ്റോർ കീപ്പറായിരുന്നു. ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ വയസ്സ് 63 ആയിരുന്നു. ദാറുദ്ദിക്റിൽ ഇദ്ദേഹത്തെ ശഹീദാക്കി.

രാവിലെ 8:30 ന് എന്തോ ആവശ്യത്തിനായി വീട്ടിൽ നിന്ന് പുറത്തേക്കിറങ്ങി. അവിടെനിന്നുതന്നെ നേരെ ജുമ്അ നമസ്കരിക്കാൻ ദാറുദ്ദിക്റിലേക്ക് വന്നു. അദ്ദേഹം ഒരിക്കലും ജുമ്അ നമസ്കാരം ഉപേക്ഷിച്ചിട്ടില്ല. പള്ളിയിൽ കസേരയിൽ ഇരിക്കുകയായിരുന്നു. ഗ്രനേഡ് പൊട്ടി മുറിവേറ്റു. ശരീരത്തിന്റെ പല ഭാഗത്തുമായി 5 വെടിയുണ്ടകൾ ഏറ്റു. പരുക്കുകളോടുകൂടി ഹോസ്പിറ്റലിൽ കൊണ്ടുപോയി. അവിടെ എത്തിയ ഉടൻ ശഹീദാകുകയും ചെയ്തു.

ഇദ്ദേഹത്തിന്റെ മകന്റെ ഭാര്യ പറയുന്നു.  ഇദ്ദേഹം എന്റെ അമ്മാവനും ഭർതൃപിതാവുമായിരുന്നു. ഹൃദയപരിശുദ്ധിയുള്ള ആളായിരുന്നു. ശഹാദത്തിന് അർഹനായിരുന്നു. വളരെയധികം വിനയസ്വഭാവമുള്ള ആളുമായിരുന്നു. ആരോടും കലഹിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. എപ്പോഴും രഞ്ജിപ്പുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. വളരെ ചെറിയ ശമ്പളമായിരുന്നു. പെൻഷനാണ് കിട്ടിക്കൊണ്ടിരുന്നത്. ഇതിൽ നിന്ന് ജനങ്ങളുടെ റേഷൻ വാങ്ങാനും നൽകാറുണ്ട്. ജമാഅത്തുമായും ഖിലാഫത്തുമായും അങ്ങേയറ്റം ബന്ധമുള്ള ആളായിരുന്നു. മാതാപിതാക്കളെ ശുശ്രൂഷിക്കുന്ന ആളുമായിരുന്നു. അതുകൊണ്ടു തന്നെ റിട്ടയർമെന്റ് ആകുന്നതിന് മുമ്പ് റിട്ടയർമെന്റ് ആവശ്യപ്പെടുകയും മാതാപിതാക്കളെ ശുശ്രൂഷിക്കാൻ വീട്ടിൽ വരികയും ചെയ്തു.

ഭാര്യ പറയുന്നു. വളരെ നല്ല സ്വഭാവമുള്ള ആളായിരുന്നു. രഞ്ജിപ്പ് ഉണ്ടാക്കാൻ വേണ്ടി മറ്റുള്ള ബന്ധുക്കാരോട് കുട്ടികൾക്ക് വേണ്ടിയും മാപ്പിനപേക്ഷിക്കാറുണ്ട്. സ്വന്തമായ നിലയിലും മാപ്പിനപേക്ഷിക്കാറുണ്ട്. ശഹീദാകുന്നതിനുമുമ്പ് ചില പ്രശ്നങ്ങൾ കാരണം നാലഞ്ച് പേജിലടങ്ങുന്ന ഉപദേശ കത്ത് എഴുതുകയുണ്ടായി. അതിൽ പറയുന്നു.  ഞാൻ എന്റെ മക്കൾക്ക് വേണ്ടിയും മാപ്പ് ചോദിക്കുന്നു. ശഹീദായതിന് ശേഷം ജനങ്ങൾ പറഞ്ഞു. ഇദ്ദേഹം ഞങ്ങളുടെ റേഷനുവേണ്ടി പൈസ തരാറുണ്ടായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്കും ഇദ്ദേഹത്തിന്റെ നന്മകൾ നിലനിർത്താനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

നാസിർ മുഹമ്മദ് ഖാൻ ശഹീദ്, ഇദ്ദേഹം ഹാരിബ് നസീം സാഹിബിന്റെ മകനായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് ഹാരിബ് നസീം സാഹിബ് 1966 ൽ ബൈഅത്ത് ചെയ്തു. അമൃതസർ നിവാസിയാണ്. വിഭജനസമയത്ത് റാവൽ പിണ്ഢിയിൽ വന്നു പിന്നീട് ലാഹോറിലേക്ക് താമസം മാറ്റി. നാസിർ മുഹമ്മദ് ഖാൻ സാഹിബ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവ പ്രവർത്തകനായിരുന്നു.  പ്രിന്റിംഗ് പ്രസ്സിൽ ജോലി ചെയ്തുവരികയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് സെക്രട്ടറി കൃഷി വകുപ്പും ഇദ്ദേഹത്തിന്റെ മാതാവ് ലാഹോർ ജില്ലയിലെ സെക്രട്ടറി ലജ്നാ ഇമാഇല്ലാ എന്ന നിലയിലും സേവനം ചെയ്തുവരുന്നു. ഫാസിൽ ടൗൺ ഹൽഖയുടെ നാഇബ് ഖാഇദായും സേവനമനുഷ്ഠിച്ചിരുന്നു. നാഇബ് ഉമ്മൂമിയുമായിരുന്നു. വസിയ്യത്ത് ചെയത ആളായിരുന്നു. ദാറുദ്ദിക്റിൽ വെച്ചാണ് ഇദ്ദേഹത്തെ ശഹീദാക്കിയത്.

ശഹീദാകുന്ന സമയത്ത് ഇദ്ദേഹത്തിന്റെ വയസ്സ് 39 ആയിരുന്നു. ശഹീദിന്റെ സഹോദരൻ ആമിർ മശ്ഹൂദ് സാഹിബ് പറയുന്നു.ദാറുദ്ദിക്റിൽ തീവ്രവാദികൾ അക്രമിച്ചപ്പോൾ ഞാൻ ഹാളിലും സഹോദരൻ പുറത്ത് കോണിപ്പടിയുടെ അടുത്തുമായിരുന്നു. സംഭവം നടക്കുന്നതിനിടയിൽ ഇദ്ദേഹം അദ്ദേഹവുമായി ഫോണിൽ ബന്ധപ്പെട്ടു. താൻ സുരക്ഷിതനാണെന്ന് പറയുകയും ചെയ്തു. തീവ്രവാദി കോണിപ്പടിയുടെ അടുത്തുള്ള ധാരാളം ആളുകളുടെ അടുത്തേക്ക് ഗ്രനേഡ് എറിഞ്ഞപ്പോൾ സഹോദ

രൻ ഗ്രാനേഡ് എടുത്ത് തീവ്രവാദികളെ എറിയാൻ ശ്രമിച്ചു. എന്നാൽ ഗ്രനേഡ് അദ്ദേഹത്തിന്റെ കയ്യിൽ നിന്ന് പൊട്ടി അവിടെ വച്ച്തന്നെ ശഹീദാകുകയുമുണ്ടായി. മറ്റുള്ളവരെ രക്ഷപ്പെടുത്തിക്കൊണ്ട് സ്വയം ശഹീദാകുകയാണ് ചെയ്തത്.

മർഹൂം വീട്ടിൽ ആദ്യമായി വസിയ്യത്ത് ചെയ്തു. വീട്ടിലെ ജോലി സ്വയം ഏറ്റെടുക്കാറുണ്ടായിരുന്നു. ആളുകളുമായും ബന്ധപ്പെടുന്ന കാര്യത്തിൽ വളരെയധികം ശ്രദ്ധ ചെലുത്തിയിരുന്നു. അദ്ദേഹം ശഹീദായതിനുശേഷം അനഹ്മദികളും അനുശോചനം രേഖപ്പെടുത്താൻ വന്നു. സഹോദരൻ പറയുന്നു. ഞങ്ങളൊരു കാറു വാങ്ങി. വാഹനമില്ലാത്തവരെ ആദ്യം പള്ളിയിൽ കൊണ്ടുപോകും. രണ്ടാമതായി ഞങ്ങളേയും. ഒരാഴ്ച മുമ്പ് സ്വപ്നം കണ്ടു. സ്വപ്നത്തിൽ എന്നെയാണ് (ഹുസൂറിനെ) കണ്ടത്. എന്നിട്ട് പുറത്തടിച്ചുകൊണ്ട് പറഞ്ഞു; വ്യാകുലപ്പെടേണ്ട ആവശ്യമില്ല എല്ലാം നേരെയാകുന്നതാണ്. ഈ ത്യാഗങ്ങളെല്ലാം ജമാഅത്തിന്റെ പുരോഗതിക്ക് കാരണമാകുമാറാകട്ടെ. അല്ലാഹു ജമാഅത്തിന് സന്തോഷം കാണിക്കുമാറാകട്ടെ. ഇനിയും രണ്ടാളെക്കുറിച്ച് പറയാമെന്ന് കരുതുന്നു.

ഉമൈർ മലക് സാഹിബ് ശഹീദ്, ഇദ്ദേഹം അബ്ദുറഹീം സാഹിബിന്റെ മകനായിരുന്നു. ഹാഫിസ് നബി ബഖ്ശ് സാഹിബ് (റ) ഹദ്റത്ത് മസീഹ് മൗഊദ് ﷺ ന്റെ സഹാബി, ശഹീദിന്റെ പിതാമഹന്റെ പിതാവായിരുന്നു. ഖാദിയാനിൽ ഫൈസുല്ലാ എന്ന ഗ്രാമത്തിലാണ് താമസം. ഇദ്ദേഹത്തിന്റെ പിതാമഹൻ മലിക് ഹബീബുറ്റഹ്മാൻ സാഹിബ് ജാമിയ അഹ്മദിയ്യയിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു പുറമെ സ്കൂളിലും കോളേജിലും പഠിപ്പിക്കാറുണ്ട്. തഅലീമുൽ ഇസ്ലാം സ്കൂളിന്റെ ഹെഡ്മാസ്റ്ററുമായിരുന്നു. ഹക്കീം ഫസലുറ്റഹ്മാൻ സാഹിബ്, മുബല്ലിഗ് സിൽസിലാ ഗോൾഡ് കോസ്റ്റ് ശഹീദിന്റെ പിതാവായ അബ്ദുർറഹ്മാൻ സാഹിബിന്റെ മൂത്താപ്പയായിരുന്നു. മർഹൂം ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവ പ്രവർത്തകനായിരുന്നു. 7 വർഷം ലാഹോർ ജില്ലയിലെ നാസിം ഇശാഅത്ത് എന്ന നിലയിലും സേവനമനുഷ്ഠിച്ചിരുന്നു. ജമാഅത്തിന്റെ കമ്പ്യൂട്ടർ അസോസിയേഷന്റെ ഡയറക്ടർ ആയിരുന്നു. മൂന്നു വർഷം ലാഹോർ ജില്ലയിലെ ചക്ക് ജമാഅത്തിന്റെ സദറുമായിരുന്നു. അതേപോലെ ഇദ്ദേഹത്തിന്റെ മാതാവ് ഫസൽ ടൗണിൽ സദർ ലജ്ന ഇമാഇല്ലാ എന്ന നിലയിൽ സേവനം ചെയുതുവരുന്നു. മർഹൂം മൂസിയായിരുന്നു. ശഹീദാകുമ്പോൾ 36 വയസ്സ് പ്രായമായിരുന്നു. മോഡേൺ ടൗണിലെ മസ്ജിദിൽ വെച്ച് വെടികൊണ്ടു ആശുപത്രിയിൽ എത്തിച്ചപ്പോൾ അവിടെവെച്ച് ശഹീദായി.

ജുമുഅ ദിവസം പുതിയ ഡ്രസ്സ് ധരിച്ചുകൊണ്ട് വീട്ടിൽ നിന്ന് പുറപ്പെട്ടു. പിതാവ് പറഞ്ഞു ഇന്ന് വളരെയധികം സൗന്ദര്യവാനായി കാണുന്നുവല്ലൊ. ഓഫീസിലെ സഹപ്രവർത്തകരും ഇതു തന്നെയാണ് പറഞ്ഞത്.ബൈത്തുന്നൂറിൽ ആദ്യത്തെ സഫ്ഫിൽ തന്നെ ഇരുന്നു. തീവ്രവാദികൾ വെടിവെക്കാൻ തുടങ്ങിയപ്പോൾ അവിടെതന്നെ കിടന്ന് ഫോണിൽ പിതാവുമായി സംസാരിച്ചു. ഖുദാ ആഫിസ് ഞാൻ പോകുന്നു, എനിക്ക് പൊറുത്തുതരിക. സഹോദരനെക്കുറിച്ചും ചോദിച്ചു.വെള്ളം ചോദിച്ചു; വെള്ളം കൊടുത്തു. ശബ്ദം ഇടറുന്നുണ്ടായിരുന്നു. അദ്ദേഹത്തെ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. വളരെ ബലഹീനത അനുഭവപ്പെട്ടു. ബ്ലെഡ് പ്രഷർ കുറഞ്ഞുകൊണ്ടിരുന്നു. ഹോസ്പിറ്റലിൽ മാതാവ് എത്തിയപ്പോൾ ഉമ്മയെ ഒന്നു നോക്കി വെള്ളം ആവശ്യപ്പെട്ടു. ഉമ്മ മുഖത്ത് തടവിക്കൊണ്ടിരി ക്കുകയായിരുന്നു. ഇടക്ക് എനിക്ക് ജീവനുണ്ട് ഞാൻ മരിച്ചിട്ടില്ല എന്ന് അറിയിക്കാൻ വേണ്ടി ഉമ്മയുടെ കൈയ്യിലൊന്ന് അമർത്തി. ഓപറേഷൻ സമയത്താണ് ശഹീദായത്.

ആളുകളുമായി നല്ല ബന്ധമുണ്ടായിരുന്നു. സൃഷ്ടിസേവനത്തിന് വളരെയധികം ആവേശമുള്ള ആളായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. ഇഖ്ബാൽ ആബിദ് സാഹിബ് മുറബ്ബി സിൽസില ഉമൈർ സാഹിബിനെക്കുറിച്ച് എഴുതുന്നു. ഉമൈർ സാഹിബിന് വെടികൊണ്ടപ്പോൾ അദ്ദേഹം എന്നെ വിളിച്ചുകൊണ്ട് പറഞ്ഞു. മുറബ്ബി സാഹിബ് ഖുദാ ആഫിസ് എന്ന് മൂന്ന് പ്രാവശ്യം പറഞ്ഞു. ശബ്ദം വളരെ ഇടറിയിരുന്നു. മസ്ജിദ് നൂർ അക്രമിക്കപ്പെട്ടിരിക്കുന്നുവെന്നും തനിക്ക് വെടികൊണ്ടിരിക്കുന്നു എന്നും മാത്രമേ പറഞ്ഞിരുന്നുള്ളൂ. ഖുദാ ആഫിസ് എന്ന് പറഞ്ഞുകൊണ്ട് പറയാൻ ഉദ്ദേശിക്കുന്നത് ഇതാണ്. ഞങ്ങൾ പോകുകയാണ് ഇനി ജമാഅത്ത് താങ്കളിൽ ഭരമേൽപ്പിച്ചിരിക്കുന്നു. നമ്മുടെ രക്തത്തെ വിലമതിക്കണം. ഈ ശുഹദാക്കളുടെ രക്തത്തെ പിന്നിലുള്ള എല്ലാ അഹ്മദികളും വിലമതിക്കുന്നതാണ്. നബി കരീം ﷺ ന്റെ പ്രതാപത്തെ ലോകത്ത് പ്രകടിപ്പിക്കുന്നതിനുവേണ്ടി എല്ലാ നിലയിലും അഹ്മദികൾ പരിശ്രമിക്കുന്നതാണ്. ആരും തന്നെ പിന്നോട്ടു പോകുകയില്ല. ഇൻശാ അല്ലാഹ്.

സർദാർ ഇഫ്തിഖാറുൽ ഹമീദ് സാഹിബ് ശഹീദ്. ഇദ്ദേഹം സർദാർ അബ്ദുശ്ശുകൂർ സാഹിബിന്റെ മകനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്ന ഫയ്സലി സാഹിബ് (റ) ന്റെ പ്രപൗത്രനുമായിരുന്നു. ഫയ്സലി സാഹിബ് (റ) ആഫ്രിക്കയിൽ റഹ്മത്തലി സാഹിബ് മുഖേന അഹ്മദിയ്യായി. അവിടെ നിന്ന് തിരിച്ചുവരുമ്പോൾ അമർതസറിൽ തങ്ങാതെ നേരെ ഖാദിയാനിൽ വരികയും ഖാദിയാനിൽ താമസമാക്കുകയും ചെയ്തു. മർഹൂം മൂസിയായിരുന്നു. ശഹീദാകുമ്പോൾ ഇദ്ദേഹത്തിന്റെ പ്രായം 43 വയസ്സായിരുന്നു. ദാറുദ്ദിക്റിൽ വെച്ച് ശഹീദാക്കപ്പെട്ടു.

സാധാരണ മോഡൽ ടൗണിലെ പള്ളിയിൽ നിന്നാണ് ജുമ്അ നമസ്കരിക്കാറുള്ളത്. എന്നാൽ സംഭവം നടന്ന അന്ന് ഇദ്ദേഹം ഓഫീസിൽ നിന്ന് നേരെ ദാറുദ്ദിക്റിലേക്ക് വന്നു. ശഹീദാകുന്നതിനു മുമ്പ് അമ്മാവനുമായി ഫോണിൽ ബന്ധപ്പെട്ടു. വീട്ടിലും ഫോൺ ചെയ്തു. അമ്മാവനോട് ദുആ ചെയ്യാൻ പറഞ്ഞുകൊണ്ട് യാ ഹഫീസ് യാ ഹഫീസ് എന്ന് പറഞ്ഞുകൊണ്ടിരുന്നു. എന്നെ തീവ്രവാദികൾ വലയം ചെയ്തിരിക്കുന്നു ദുആ ചെയ്യുക. ഭാര്യക്ക് പള്ളി അക്രമിക്കപ്പെട്ടു എന്ന വിവരം കിട്ടിയപ്പോൾ പള്ളിയിൽ പോകണ്ട എന്ന് ഭർത്താവിനോട് പറയാൻ ഭാവിച്ചു. പക്ഷേ അദ്ദേഹം ദാറുദ്ദിക്റിൽ ഉണ്ടായിരുന്നു എന്ന് പിന്നീടാണ് മനസ്സിലായത്. വീട്ടിലും ദുആ ചെയ്യാൻ പറഞ്ഞു. മൂന്നര മണിക്ക് ഒരു സുഹൃത്തിനെ ഫോൺ ചെയ്തുകൊണ്ട് പറഞ്ഞു. പള്ളിയുടെ അവസ്ഥ ഇതാണ് പോലീസ് ഒന്നും ചെയ്യുന്നില്ല. ജനങ്ങളെ സഹായിക്കാൻ വേണ്ടി പള്ളിയിലേക്ക് വരിക. ശഹീദാകുന്നതുവരെ മറ്റുള്ളവരെ രക്ഷപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. അവസരം കിട്ടി

യപ്പോൾ തന്നെ ഒരു തീവ്രവാദിയെ പിടിച്ചു. മറ്റുള്ള തീവ്രവാദികൾ ഫയറിംഗ് ചെയ്തു. ഏതൊരു തീവ്രവാദിയെ ഇദ്ദേഹം പിടിച്ചുവോ അയാൾ തന്റെ ജാക്കറ്റിൽ വെച്ച ബോംബ് പൊട്ടിക്കാൻ ശ്രമിച്ചു. പക്ഷേ ശരിയായി രീതിയിൽ പൊട്ടിയില്ല. കുറച്ചു കഴിഞ്ഞപ്പോൾ ഇദ്ദേഹം ശഹീദായി. തീവ്രവാദിക്ക് പരിക്ക് പറ്റുകയും ചെയ്തു.

ജനങ്ങൾ പറയുന്നു. ഇദ്ദേഹം തീവ്രവാദിയെ പിടിക്കാതെ ഒരു ഭാഗത്ത് മാറി നിൽക്കുകയാണെങ്കിൽ രക്ഷപ്പെടുമായിരുന്നു. മർഹൂം സൃഷ്ടിസേവനത്തിൽ വലിയ തൽപരനായിരുന്നു. ആർക്കെങ്കിലും രക്തത്തിന്റെ ആവശ്യം വന്നാൽ ഉടൻ തന്നെ അദ്ദേഹം നൽകുമായിരുന്നു. ബുദ്ധിമുട്ട് ഉണ്ടായിട്ടും മറ്റുള്ളവരെ സഹായിച്ചുകൊണ്ടിരുന്നു.

ഭാര്യ പറയുന്നു. ഒരിക്കലും തനിക്ക് ഇന്ന സാധനം വേണമെന്ന് പറയേണ്ട ആവശ്യമുണ്ടായിരുന്നില്ല. വീട്ടുജോലിയിൽ തന്നെ സഹായിക്കാറുണ്ടായിരുന്നു. ഇങ്ങേയറ്റം പാത്രം കഴുകുന്ന കാര്യത്തിലും.

നന്മ മറ്റുള്ളവരെ കാണിച്ചുകൊണ്ട് ചെയ്യാറില്ല. ഇസ്തിഗ്ഫാറും സ്വലാത്തും ധാരാളം ചൊല്ലാറുണ്ടായിരുന്നു. അങ്ങേയറ്റം ഖിദ്മത്ത് ചെയ്യുന്ന വ്യക്തിയായിരുന്നു. കരുണ കാണിക്കുന്ന ആളുമായിരുന്നു. കുട്ടികളോട് നല്ല രീതിയിൽ പെരുമാറിയിരുന്നു. മാതാവിനെ വളരെ നല്ല നിലയിൽ ശുശ്രൂഷിക്കാറുണ്ടായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് ക്ഷമിക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. നന്മയിൽ നിലനിർത്തുമാറാകട്ടെ.

ബാക്കി പിന്നീട് അനുസ്മരിക്കുന്നതാണ്. വളരെ ദീർഘിച്ചു പോകും. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ.

**വിവർത്തനം**
എം. സഫർ അഹ്മദ്
മുബല്ലിഗ് – മാത്തോട്ടം
**PHONE : 9633275123**

KHUTHBA:
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 11 - 06 - 2010 at**
**Baithul Futuh,London**
**UK.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**